# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുവള്ളൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം15/2713/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 19/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുവള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം15/2713/2023 തീയ്യതി: 19/12/2023

## മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-09-2022 മുതൽ 22-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ കെ.കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 23-11-2023 | 30-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-11-2023 | 30-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. വിനോദ് പി.എ, ഓഡിറ്റ് ഓഫീസർ

ശ്രീ. ആലസ്സൻകുട്ടി യു, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. അമീൻ ഫൈസൽ ടി.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. മുഹമ്മദ് നൗഷാദ് എ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അബ്ദുൾകലാം മാസ്റ്റർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. ശൈലജ എം | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സുരേഷബാബു | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 27-09-2022 |
| ഡോ. വിദ്യ ബാലു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. സുഗതൻ | വി. ഇ. ഒ | 01-04-2022 | 17-07-2022 |
| ശ്രീമതി. അശ്വതി വിജയൻ | വി. ഇ. ഒ | 18-07-2022 | 11-01-2023 |
| ശ്രീ. സുഗതൻ | വി. ഇ. ഒ | 12-01-2023 | 31-03-2023 |
| ശ്രീ. മനോജ് കെ | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ. ജേക്കബ് ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. അനഘ എസ് | വെറ്ററിനറി സർജൻ | 01-04-2022 | 30-01-2023 |
| ഡോ. ഫായിസ യു | വെറ്ററിനറി സർജൻ | 31-01-2023 | 06-03-2023 |
| ഡോ. ഷിജിൻ എ | വെറ്ററിനറി സർജൻ | 07-03-2023 | 31-03-2023 |
| ഡോ. അമർനാഥ് പി.പി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2022 | 23-06-2022 |
| ഡോ. നജ്വ പി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 24-06-2022 | 10-11-2022 |
| ഡോ. മുഹമ്മദ് റാസി പി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 11-11-2022 | 31-03-2023 |
| ഡോ. അബ്ദുൽ റഫീഖ് ഒ.പി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 29-06-2022 | 31-03-2023 |
| ശ്രീ. ശിവപ്രസാദ് | ഫിഷറീസ് ഓഫീസർ | 01-04-2022 | 30-07-2022 |
| ശ്രീമതി. ബിസ്ന | ഫിഷറീസ് ഓഫീസർ | 31-07-2022 | 31-03-2023 |
| ശ്രീ. ശ്രീകാന്ത് എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ജോളി ജോൺ ജെ | അസി. സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ. നന്ദകുമാർ. പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 28-09-2022 | 31-03-2023 |
| ഡോ.സുസ്മിജ | മെഡിക്കൽ ഓഫീസർ (ആയുവർവ്വേദം) | 01-04-2022 | 28-06-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-2 |
| 4 | RP 40(b)ൽ ഒരേ ശീർഷകത്തിലും അക്കൗണ്ട് നമ്പറിലുമായി രണ്ട് എൻട്രികൾ– നീക്കീയിരിപ്പ് പരിശോധിക്കാനായില്ല. | 1-1-3 |
| 5 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുക വ്യത്യാസം | 1-1-4 |
| 6 | ACR പ്രകാരമുള്ള വരവ് തുകയും വാർഷിക കണക്ക് പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക നില | 1-3 |
| 9 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമപെൻഷൻ | 1-7 |
| 13 | ക്യാഷ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | നിക്ഷേപ പ്രവൃത്തി അവലോകനം | 1-11 |
| 17 | തനത് വരുമാന സമാഹരണം - അവലോകനം. | 1-12 |
| 18 | കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം. | 1-13 |
| 19 | റേഷൻകടകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നില്ല | 1-14 |
| 20 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-15 |
| 21 | അനധികൃതമായും, നമ്പർ ലഭ്യമാകാതെ/നികുതി അടവാക്കാതെയും മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു-വരവ് നഷ്ടം | 1-16 |
| 22 | ഗ്രാമപഞ്ചായത്ത് അനുമതി ഇല്ലാതെയും അനധികൃത നിർമ്മാണങ്ങളുമായി അമ്യൂസ്മെന്റ് പാർക്ക് പ്രവർത്തിക്കുന്നു | 1-17 |
| 23 | വസ്തു നികുതി-വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർധനവ് ചെയ്തില്ല, 4890 രൂപ നഷ്ടം | 1-18 |
| 24 | പോർച്ച് വിസ്തൃതിക്ക് ക്രമവൽക്കരണ ഫീസ് ഈടാക്കിയില്ല | 1-19 |
| 25 | സ്കൂളുകളിലെ അനധികൃത നിർമ്മാണങ്ങൾ പരിശോധിക്കാതെ ഫിറ്റ്നസ് അനുവദിക്കുന്നത് സംബന്ധിച്ച് | 1-20 |
| 26 | എസ്.എസ്.കെ വിഹിതം - പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. | 1-21 |
| 27 | അങ്കണവാടി കുടിവെള്ള പദ്ധതി -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-22 |
| 28 | സ്ട്രീറ്റ് മെയിൻ വലിക്കൽ -പൂർത്തീകരണ വിവരം ലഭ്യമല്ല. | 1-23 |
| 29 | പൊതു ടാപ്പുകളിലെ വെള്ളക്കരം - സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല. | 1-24 |
| 30 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - രജിസ്റ്ററുകളും അനുബന്ധ രേഖകളും ലഭ്യമല്ല. | 1-25 |
| 31 | വൈദ്യുതീകരണം അപാകതകൾ | 1-26 |
| 32 | പി.എം.എ.വൈ ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ–വിനിയോഗ വിവരം ലഭ്യമല്ല | 1-27 |
| 33 | മെഡിക്കൽ ഓഫീസർ–പർച്ചെയ്സ് ജെം മുഖേന നടത്തിയിട്ടില്ല | 1-28 |

| | | |
|---|---|---|
| 34 | മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. | 1-29 |
| 35 | അങ്കണവാടികൾക്ക് ഉപകരണങ്ങൾ വാങ്ങൽ ജെം പോർട്ടൽ മുഖേന നടത്തിയില്ല. | 1-30 |
| 36 | പൊതു മരാമത്ത് പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. | 1-31 |
| 37 | തൊഴിലുറപ്പ് പദ്ധതിയിലെ വാങ്ങലുകൾക്ക് TDS ഈടാക്കിയില്ല. | 1-32 |
| 38 | ഇ. ടെണ്ടർ - ടെണ്ടർ ഫീ നേരിട്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. | 1-33 |
| 39 | കുഴക്കിൽ റോഡ് ഡ്രൈനേജ്- മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി. | 1-34 |
| 40 | റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി. | 1-35 |
| 41 | ലൈഫ് ഭവന പദ്ധതി -ഫണ്ട് വിനിയോഗം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല. | 1-36 |
| 42 | ഭിന്നശേഷിക്കാർക്ക് കോഫി വെന്റിംഗ് യൂണിറ്റ്- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-37 |
| 43 | കുറ്റിക്കുരുമുളക് തൈ വിതരണം വാങ്ങൽ നടപടി ക്രമങ്ങൾ പാലിച്ചില്ല | 1-38 |
| 44 | രസീത് ബുക്കുകൾ പൂർണ്ണമായും ഉപയോഗിക്കാതെ പുതിയവ കൈപ്പറ്റിയത് സംബന്ധിച്ച് | 1-39 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക കണക്ക് ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**I)** കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ് ) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റു ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 05.07.2023 ലെ 5(1) നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 19.07.2023 തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻറീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

**Ii)**C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

**iii)** എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

സ്ഥലം : മലപ്പുറം

തീയതി :19-12-2023

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-3 RP 40(b)ൽ ഒരേ ശീർഷകത്തിലും അക്കൗണ്ട് നമ്പറിലുമായി രണ്ട് എൻട്രികൾ-നീക്കിയിരിപ്പ് പരിശോധിക്കാനായില്ല.

വാർഷിക കണക്ക് RP 40(b) പ്രകാരം ഒരേ ശീർഷകത്തിലും അക്കൗണ്ട് നമ്പറിലുമായി, 450210101 ശീർഷകത്തിൽ State Bank Of India **Epay**-(67262528842), State Bank Of India **Epay 2**-(67262528842) എന്നിങ്ങനെ രണ്ട് എന്ട്രികൾ ഉണ്ട്. ആയതിൽ **Epay 2 ൽ** 4512264 രൂപ നീക്കിയിരിപ്പുള്ളതിന്റെ രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടു. എന്നാൽ

**Epay ൽ** 6323 രൂപ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമായിട്ടില്ലാത്തതിനാൽ ഇത് എപ്രകാരമുള്ളതാണെന്നുള്ള വിശദാംശങ്ങൾ പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

### 1-1-4 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുക വ്യത്യാസം

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ' Net Increase In Cash And Cash Equivalance ‘ ആയി രേഖപ്പെടുത്തിയ തുകയും (10745110) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ‘ (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (13735387) തുല്യമല്ല.

### 1-1-5 ACR പ്രകാരമുള്ള വരവ് തുകയും വാർഷിക കണക്ക് പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപെടുന്നില്ല.

ചുവടെ ചേർത്ത ഫണ്ടിനങ്ങളിൽ ACR പ്രകാരമുള്ള ചെലവ് തുകയും വാർഷിക കണക്ക് പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | ഫണ്ട് ഇനം | ACR പ്രകാരം | AFS പ്രകാരം(I-6+B-3) | വ്യത്യാസം |
|---|---|---|---|---|
| 1 | വികസന ഫണ്ട് ജനറൽ | 22852542 | 23558030 | 705488 |
| 2 | വികസന ഫണ്ട് SCP | 5921000 | 6786111 | 865111 |

(മേൽ ഫണ്ടിനങ്ങളിൽ ജി.ഒ പദ്ധതി ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല). ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.15/2022-23 ന് മറുപടി ലഭ്യമാക്കിയെങ്കിലും മുകളിൽ പരാമർശിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-2 ബജറ്റ്

| 2022 -23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1(1)/25-03-2022 | 1(1)/25-03-2023 |

## 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 26240350 |
| വരവ് | 156075210 |
| ആകെ | 182315560 |
| ചെലവ് | 145330100 |
| നീക്കിയിരിപ്പ് | 36985460 |

കുറിപ്പ്:- വരവ് ചെലവ് തുകകൾ കണക്കാക്കിയപ്പോൾ വാർഷിക കണക്കിലെ RP പ്രകാരമുള്ള വരവ്/ചെലവും ബി ഫണ്ട് തുകയും എൻ.ആർ.ഇ.ജി.എസ്. ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുകയും എ.സി.ആർ. പ്രകാരം CFC Tied/Untied ഒഴികെയുള്ള വരവ്/ചെലവ് തുകകളുമാണ് കണക്കിലെടുത്തത്.

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 24148152 | 24148152 | 22852542 | 1295610 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5982889 | 5982889 | 5921000 | 61889 |
| വികസനഫണ്ട് ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -(Untied) | 0 | 4072000 | 4072000 | 4031600 | 40400 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 7603010 | 7603010 | 5393592 | 2209418 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6109000 | 6109000 | 2451639 | 3657361 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5613000 | 5613000 | 4026348 | 1586652 |
| ബി ഫണ്ട് | 0 | 43543400 | 43543400 | 43543400 | 0 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 193 | 174255600 | 128 | 77719126 | 0 | 65 | 66.3% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2140 | 499015 | 501155 | 492864 | 8291 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 17505505 | 17505505 | 17505505 | 0 |

## 1-7 ക്ഷേമപെൻഷൻ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 1889000 | 156 |
| വിധവാപെൻഷൻ | 12277400 | 969 |
| വാർദ്ധക്യകാലപെൻഷൻ | 23236800 | 2016 |
| വികലാംഗപെൻഷൻ | 5773800 | 489 |
| വിവാഹ ധനസഹായം | 120000 | 4 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 246400 | 21 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.11.2023 ന് 12.12 Am മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 717/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വിവിധ ഏജൻസികളിലേക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂർ തുക നൽകിയപ്പോൾ പ്രവൃത്തികളുടെ തുടർനടപടിയും പൂർത്തീകരണവും നിരീക്ഷിക്കുന്നതിനായി മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല. മുൻകൂർ തുക നൽകുന്ന പ്രവൃത്തികളിലും പേമെന്റ് നൽകിയതിനു ശേഷം ILGMSൽ ഫയൽ ക്ലോസ് ചെയ്യുന്നതിനാൽ തുടർ നിരീക്ഷണം സാധ്യമല്ലാതെ വരുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.05.2022 | 04/2022 | 10.05.2022 |
| എ.ജി ഓഡിറ്റ് | 09-03-2018 മുതൽ 21-03-2018 വരെ | 2012- 13 മുതൽ 2016-17 വരെ | 02-07-2018 |

## 1-11 നിക്ഷേപ പ്രവൃത്തി അവലോകനം

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22 വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയാണ് ഈ അവലോകനത്തിന്റെ ലക്ഷ്യം. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തു വരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് ചെയ്ത തുക പൂർണമായും തിരികെ നൽകുകയോ , പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുകയോ ചെയ്യുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത ചുവടെ ചേർത്തിട്ടുള്ള തുകകളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നവയുടെ വിവരം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം | സാമ്പത്തിക വർഷം | പ്രൊജക്ട് പേര് | Impl Code | ഏജൻസി | മുൻകൂർ നൽകിയ തുക/ ഫണ്ട് | ചെലവഴിച്ച തുക (₹) (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (₹) |
|---|---|---|---|---|---|---|---|
| 1 | 2021-22 | 14/22 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | SEC | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 999932 Devolepment Fund General V.No.22101058/28-1-22 | 0 | 999932 **വിനിയോഗ വിവരം ലഭ്യമല്ല** |
| 2 | 2021-22 | 232/22 പൈപ്പ് ലൈൻ മാറ്റൽ. (ക്ലമൻതൊടി പാലം - പൈപ്പ് ലൈൻ മാറ്റൽ) | SEC | KWA | 300000 CFCV.No.22101091/25-1-22 | 0 | **300000 വിനിയോഗ വിവരം ലഭ്യമല്ല** |

ഈ വിഷയം ഉന്നയിച്ച് നൽകിയ **ഓഡിറ്റ് എൻക്വയറി നമ്പർ-1/23.11.2023 ന് ലഭ്യമാക്കിയ മറുപടിയിൽ** വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചു. വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-12 തനത് വരുമാന സമാഹരണം - അവലോകനം.

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

**1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.**

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന വിധത്തിലുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ഉയർന്ന് വന്നിട്ടില്ല. നികുതി പിരിവിന്റെ പുരോഗതി വിവരം, പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. 10.02.23ലെ രണ്ടാം നമ്പർ തീരുമാനം പ്രകാരം ലൈസൻസ് ക്യാമ്പ് നടത്തുന്നതിന് സെക്ഷന് നിർദ്ദേശം നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ 18 തവണയാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നതെങ്കിലും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഒടുക്കാതെ പ്രവർത്തിച്ച് വരുന്ന സ്ഥാപനങ്ങളിൽ നിന്നും ആയവ പൂർണ്ണമായും പിരിച്ചെടുക്കുന്നതിനും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനോ പുതിയ തനത് വരുമാന മേഖലകൾ കണ്ടെത്തുന്നതിനോ പുതിയ നിർദ്ദേശങ്ങൾ ഒന്നും തന്നെ മുന്നോട്ട് വെച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ

പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

**വസ്തുനികുതി.**

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തി അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 18.05.2023 ലെ 2(2) നമ്പർ പഞ്ചായത്ത് ഭരണസമിതി തീരുമാനം പ്രകാരം പരസ്യപ്പെടുത്തിയിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നു കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി, മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ചാണ് ഓരോ കെട്ടിട വിഭാഗത്തിന്റേയും അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്യേണ്ടത്. എന്നാൽ ഏറ്റവും കുറഞ്ഞ നിരക്കും ഏറ്റവും കൂടിയ നിരക്കും നിശ്ചയിച്ചു കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിലെ (സ.ഉ.(അച്ചടി) നം.25/2023/LSGD തീയതി.05.04.2023) ഏറ്റവും കുറഞ്ഞതോ നേരിയ വർദ്ധനവ് ചെയ്തതോ ആയ നിരക്കാണ് ഭൂരിപക്ഷം കെട്ടിടങ്ങൾക്കും നിരക്ക് നിശ്ചയിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്.

3). മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള പഞ്ചായത്ത് ഭരണസമിതി യോഗം തീരുമാനമോ നോട്ടീസോ പരസ്യപ്പെടുത്തിയിട്ടില്ല. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടതും ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ മേഖല വിഭജനം, റോഡുകളുടെ തരംതിരിവ് എന്നിവ സംബന്ധിച്ച വിജ്ഞാപനം 12.09.2023ലെ 2(2) നമ്പർ ഭരണസമിതി തീരുമാനപ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

4). മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് പാലിക്കപ്പെട്ടില്ല.

5). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 1150 അപേക്ഷകളിൽ നിലവിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ ആയത് പാലിക്കപ്പെട്ടിട്ടില്ല.

**സേവന ഉപനികുതി**

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലൂടെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ്

നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കേണ്ടതാണ്.

**കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള സർവ്വീസ് ചാർജ്.**

പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലുള്ള കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഇല്ല.

**തൊഴിൽ നികുതി**

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

വാർഷിക കണക്ക്/ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം തൊഴിൽ നികുതി ട്രേഡേഴ്സ് ഇനത്തിൽ 513610 രൂപയാണ് വരവ്. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ആകെ 538 സ്ഥാപനങ്ങളും, ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 413 സ്ഥാപനങ്ങളുമുണ്ട്. എന്നാൽ ഇത് പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളിലും ഒരു തൊഴിലാളിയെങ്കിലും ഉണ്ടായിരിക്കുമെങ്കിലും ഇത്തരം എല്ലാ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിലാളികളുടെ തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

2. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോട്ടും അല്ലെങ്കിൽ കൈവശക്കാരനോട്ടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

**ലൈസൻസ് ഫീസ്.**

2022-23 സാമ്പത്തിക വർഷത്തിൽ 413 സ്ഥാപനങ്ങളിൽ നിന്നായി 288590/- രൂപയാണ് ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 538 സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ ഉണ്ട് എന്നതിനാൽ തന്നെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ല എന്നാണ് വ്യക്തമാകുന്നത്. ലൈസൻസ് എടുക്കേണ്ടുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്നും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ലൈസൻസ് ഫീസ് ഇനത്തിൽ പൂർണ്ണമായ വരവ് ലഭ്യമാകുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

**കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്/ക്രമവൽക്കരണ ഫീസ്**

പെർമിറ്റ് ഫീസ് ഇനത്തിൽ 166007/- രൂപയും ക്രമവൽക്കരണ ഫീസ് ഇനത്തിൽ 477152/- രൂപയുമാണ് ഓഡിറ്റ്

വർഷത്തിൽ വരവ് ലഭ്യമായിട്ടുള്ളത്. അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമപ്രകാരമാക്കാവുന്നതും ക്രമവൽക്കരണ ഫീസ് ഇനത്തിൽ വരവ് ലഭ്യമാക്കാവുന്നതുമാണെന്നിരിക്കെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്ത് യാതൊരു നടപടികളും സ്വീകരിച്ച് കാണുന്നില്ല.
(ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 16/2022-23/28.11.2023-മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-13 കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം.

2011ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്.

എന്നാൽ ചുവടെ പട്ടികയിൽ ചേർത്ത ലൈസൻസ് അനുവദിച്ചതിൽ ഇപ്രകാരമുള്ള നടപടികൾ ഒന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല.

വിവിധ കെട്ടിട നമ്പറുകളിലായി ആകെ 200 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിലാണ് സൂപ്പർ മാർക്കറ്റിന് ലൈസൻസ് അനുവദിച്ചത്. ലൈസൻസ് അനുവദിച്ച കെട്ടിട നമ്പറുകൾ സഞ്ചയയിൽ പരിശോധിച്ചതിൽ, 'വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ-ന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന തരം ഗണത്തിലുൾപ്പെടുത്തി ച.മീ-ന് 50 രൂപ നിരക്കിൽ കണക്കാക്കി നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലാണ് ലൈസൻസുകൾ അനുവദിച്ചിരിക്കുന്നത് എന്ന് ബോധ്യപ്പെട്ടു. ചട്ടപ്രകാരമുള്ള തരം മാറ്റം വരുത്തി 'വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീ-ന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്,ഷോപ്പിംഗ് മാളുകൾ' എന്ന ഗണത്തിലുൾപ്പെടുത്തി ച.മീറ്ററിന് 70 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച ശേഷമായിരുന്നു സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് ലൈസൻസ് അനുവദിക്കേണ്ടിയിരുന്നത്. അപ്രകാരം ചെയ്യാത്തത് കാരണം ചട്ടലംഘനത്തോടൊപ്പം വസ്തു നികുതി നഷ്ടവും സംഭവിക്കുന്നുണ്ട്.

| ലൈസൻസ് നം, ലൈസൻസ് നേടിയ വ്യക്തി | സ്ഥാപനത്തിന്റെ പേര്, പ്രവർത്തനം | വാർഡ്/കെട്ടിട നമ്പർ , തരം, ആകെ വിസ്തീർണ്ണം | സഞ്ചയ പ്രകാരം നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി | നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന നികുതി, കുറവ് വന്ന നികുതി തുക, കുറവ് വന്ന തുക. |
|---|---|---|---|---|
| 92/2022-23, കുഞ്ഞിമുഹമ്മദ് സി.പി | സി.പി സൂപ്പർ മാർക്കറ്റ്, സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് | 6/321 A,B. 169+175.7FF=344.7 ച.മീ. | 8450+8785=17235/- | 344.7x70=24129. അടിസ്ഥാന നികുതി വ്യത്യാസം: 24129-17235=6894/- |

പട്ടിക പ്രകാരം അടിസ്ഥാന വസ്തു നികുതിയിൽ തന്നെ 6894/- രൂപ നികുതി നഷ്ടം സംഭവിക്കുന്നുണ്ട്. മേൽ കെട്ടിടത്തിൽ തന്നെ മുകളിൽ പരാമർശിക്കാത്ത കടമുറികളിൽ മേൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നതും പരിശോധിക്കേണ്ടതുണ്ട്. അപ്രകാരമെങ്കിൽ ആയതിന്റെ കൂടി നികുതി പുതുക്കി നിർണ്ണയിക്കേണ്ടതായി വരുന്നതാണ്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 06/2022-23/25.11.2023ന് ലഭ്യമാക്കിയ മറുപടിയിൽ, അപാകത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് സെക്രട്ടറി അറിയിച്ചു. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 റേഷൻകടകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ,

എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്). പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന രണ്ട് മാവേലി സ്റ്റോറുകൾക്ക് ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിക്കുകയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുകയും ചെയ്തതായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ കാണുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിലെ റേഷൻ കടകൾ നാളിതുവരെ ലൈസൻസ് എടുത്തതായി ലൈസൻസ്/തൊഴിൽ നികുതി രജിസ്റ്ററിൽ ഇല്ല. ലൈസൻസ് രജിസ്റ്ററിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് ഡയറക്ടർ 18.08.2017ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അയച്ച സി4-25910/17 നമ്പർ കത്ത്, സിവിൽ സപ്ലൈസ് ഡയറക്ടർ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അയച്ച നമ്പർ (സി.എസ്.)എ9-764/2019 തിയതി: 22-01-2019, കത്ത് എന്നിവയിൽ റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുള്ളതാണ്.

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം .07/2022-23/25.11.23ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഗ്രാമപഞ്ചായത്തിൽ 8 റേഷൻ കടകൾ പ്രവർത്തിക്കുന്നതായും ഇവയിൽ നിന്നുള്ള ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചു. തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി ഈടാക്കിയില്ല

2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും റിട്ടേണുകളും ലൈസൻസുകളും പരിശോധിച്ചതിൽ ചില സ്ഥാപനങ്ങളിൽ/ജീവനക്കാരിൽ നിന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

A) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക, സ്ഥാപനം | വിശദാംശം/ കുറിപ്പ് |
|---|---|---|
| 1 | ശ്രീമതി. മിനി വി, ടീച്ചർ, GHSS പെരുവള്ളൂർ | 31.05.2022ന് ആണ് വിരമിച്ചത് എന്നതിനാൽ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനായിരുന്നിട്ടും ആയത് അടവാക്കിയിട്ടില്ല. |
| 2 | ഡോ. അമർനാഥ് പി.പി, അസി. സർജ്ജൻ, സി.എച്ച്.സി പെരുവള്ളൂർ | 23.06.2022ന് ആണ് റിസൈൻ ചെയ്തത് എന്നതിനാൽ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനായിരുന്നിട്ടും ആയത് അടവാക്കിയിട്ടില്ല. |
| 3 | ശ്രീ. അസൈൻ, പാലിയേറ്റീവ് ഡ്രൈവർ, സി.എച്ച്.സി പെരുവള്ളൂർ | പരിരക്ഷ ഫയൽ പ്രകാരം ഒന്നാം അർദ്ധ വർഷത്തിൽ 09.04.22 മുതൽ 30.09.22 വരെ ജോലി ചെയ്ത് 107800/- രൂപയും രണ്ടാം അർദ്ധ വർഷത്തിൽ 05.10.22മുതൽ 20.03.23വരെ ജോലി ചെയ്ത വകയിൽ ടിയാൻ 110000/- രൂപയും ടിയാൻ വാഹന വാടക ഇനത്തിൽ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ടിയാനിൽ നിന്നും 2022-23 ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |

B) കൂടുതൽ ആളുകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.

കൂടുതൽ ജോലിക്കാരുള്ളതായി അപേക്ഷകർ തന്നെ ഡി&ഒ ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തതായിട്ടുണ്ട്.

| ക്രമ നം | ലൈസൻസ് നമ്പർ | സ്ഥാപനം | ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 152/22-23 | ഇൻഡോ മലബാർ ഫർണ്ണിച്ചർ | 7 |
| 2 | 323 | എക്സലൻസ് പോളിമേഴ്സ് | 5 |

കൂടുതൽ ആളുകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും ജോലിക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ ആവശ്യപ്പെട്ട് വിവരങ്ങളുടെ കൃത്യത പരിശോധിച്ച് വരുമാനത്തിനനുസരിച്ചുള്ള തൊഴിൽ നികുതികൾ

ഈടാക്കാമെന്നിരിക്കെ ഇപ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

C) ഫിറ്റ്നസ് അനുവദിച്ചതുൾപ്പടെയുള്ള സ്കൂളുകളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർത്ത സ്കൂളുകളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി 2022-23 സാമ്പത്തിക വർഷത്തിൽ ഈടാക്കിയിട്ടില്ല.

1) എഡ്യുകെയർ ലെറ്റർ ലാൻഡ് സ്കൂൾ

2) ഫുൾബ്രൈറ്റ് ഗ്ലോബൽ സ്കൂൾ

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 08, 14/2022-23/25.11.2023 എന്നിവക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം ഖണ്ഡികയിലെ ആദ്യ പട്ടികയിലെ ക്രമനം.3 പ്രകാരമുള്ള ശ്രീ. അസൈൻ എന്നയാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായും മറ്റ് വ്യക്തികളിൽ/സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു.തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16 അനധികൃതമായും, നമ്പർ ലഭ്യമാകാതെ/നികുതി അടവാക്കാതെയും മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു-വരവ് നഷ്ടം

2022-23 ലെ വിവിധ കെട്ടിടങ്ങളുടെ പെർമിറ്റ്, നമ്പറിംഗ്, വസ്തു നികുതി അടവ് വിവരങ്ങൾ പരിശോധിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ മുൻവർഷങ്ങളിൽ പെർമിറ്റിന് അപേക്ഷിച്ച വിവിധ വാർത്താ വിനിമയ ഗോപുരങ്ങളുടെ എണ്ണവും നിലവിൽ ഗ്രാമപഞ്ചായത്ത് നമ്പർ അനുവദിച്ച് നികുതി അടവാക്കി കൊണ്ട് പ്രവർത്തിക്കുന്ന വാർത്താ വിനിമയ ഗോപുരങ്ങളുടെയും വിവരങ്ങൾ പരിശോധിച്ചു.

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ സഞ്ചയ രേഖകൾ പ്രകാരം നിലവിൽ ഗ്രാമപഞ്ചായത്തിൽ ആകെ 9 വാർത്താ വിനിമയ ഗോപുരങ്ങളാണ് നമ്പർ അനുവദിച്ചതായി ഉള്ളത്. ലഭ്യമാക്കിയ പെർമിറ്റ് രജിസ്റ്ററുകൾ പ്രകാരം 2017-18 മുതൽ 2022-23 വരെ പെർമിറ്റിന് അപേക്ഷിച്ച വിവിധ വാർത്താ വിനിമയ ഗോപുരങ്ങളിൽ നാല് എണ്ണം നിലവിൽ പെർമിറ്റ് അനുവദിക്കാത്തതായും, ഒരെണ്ണം പെർമിറ്റ് അനുവദിച്ചുവെങ്കിലും നമ്പർ അനുവദിക്കാത്തതായും ഉണ്ട്. പെർമിറ്റിന് അപേക്ഷിച്ചതിൽ പെർമിറ്റ്/നമ്പർ അനുവദിക്കാത്ത ടവറുകളുടെ രജിസ്റ്റർ/ഫയൽ പ്രകാരമുള്ള വിശദാംശങ്ങൾ പരിശോധിച്ചതിന്റെയും, അപേക്ഷ സമർപ്പിച്ച ശേഷം പെർമിറ്റോ നമ്പറോ ലഭ്യമാകാതെ ടി ടവറുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്നത് പരിശോധിക്കുന്നതിന് 30.11.2023ന് ഗ്രാമപഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സൈറ്റുകൾ ഓഡിറ്റ് നേരിട്ട് പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | രജിസ്റ്ററിലെ ക്രമ നം. | ഇൻവാർഡ് /പെർമിറ്റ് നം, അപേക്ഷകന്റെ/കമ്പനി പേര് | ഫയൽ പ്രകാരം നിലവിലെ അവസ്ഥ | സ്ഥല പരിശോധനയിലെ കണ്ടെത്തൽ, അപാകത |
|---|---|---|---|---|
| 1 | 151/2017-18 | 647/18/08.02.18<br>റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്<br>BL-8 ,337/10<br>വാർഡ് 14 | 01.09.18ന് , യഥാസമയം പെർമിറ്റോ മറ്റ് കത്തിടപാടുകളോ ലഭ്യമാക്കാത്തതിനാൽ ഡീംഡ് പെർമിറ്റ് ലഭിച്ചതായി കണക്കാക്കാവുന്നതായി അറിയിച്ച് കമ്പനി ഗ്രാമപഞ്ചായത്തിന് കത്ത് നൽകി.<br>17.09.18ന്, മുൻപ് ന്യൂനത കത്തുകൾ അയച്ചിരുന്നതായും നിലവിലെ ന്യൂനതകൾ പരിഹരിക്കുന്ന മുറക്ക് പെർമിറ്റ് അനുവദിക്കുന്നതാണെന്നും അറിയിച്ച് ഗ്രാമപഞ്ചായത്ത് കമ്പനിക്ക് കത്ത് നൽകി(A1-647/2018).<br>അപേക്ഷ സമർപ്പിച്ച് വർഷങ്ങളായിട്ടും ടി ടവർ | പ്ലാൻ പ്രകാരം ക്രമ നമ്പർ 2ന്റെ അതേ സൈറ്റിലെ മറ്റൊരു ടവറോ അല്ലായെങ്കിൽ ക്രമ നം.2 ടവറിന്റെ തന്നെ മറ്റൊരു അപേക്ഷയോ ആണ് ഇത് എന്നാണ് വ്യക്തമാകുന്നത്. ഈ സൈറ്റിൽ ഒരു ടവർ മാത്രമാണ് നിർമ്മാണം നടന്നതായി നിലവിലുള്ളത്. ആയത് ക്രമ നം.2 അപേക്ഷ പ്രകാരമുള്ള ടവർ ആണെന്നാണ് വ്യക്തമായത്. അപ്രകാരമെങ്കിൽ ക്രമ നം.1 അപേക്ഷ നിരസിച്ച് കത്ത് നൽകിയതായി ഫയലിൽ ഇല്ല. ഇക്കാര്യം പരിശോധിച്ച് തുടർനടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. |

| | | | | |
|---|---|---|---|---|
| | | | നിർമ്മാണം പൂർത്തീകരിച്ച് നമ്പർ ലഭിക്കാതെ/നികുതി അടവാക്കാതെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ നിർമ്മാണം നടക്കുകയാണോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. | |
| 2 | 81/2021-22 | 7361/21/27.11.21 സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ചക്ച്ചർ . വാർഡ് 14 BL-08, 337/10 | 20.07.22ന്, ന്യൂനതകൾ പരിഹരിക്കുന്നതിന് അറിയിച്ച് ഗ്രാമപഞ്ചായത്ത്, കമ്പനിക്ക് കത്ത് നൽകി(A1-7361/2021). | 1) ഈ ടവറുകൾ നിർമ്മാണം പൂർത്തീകരിച്ച് നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ട്. 2) ടവറുകളുടെ വൈദ്യുതി മീറ്റർ, ജനറേറ്റർ, മറ്റ് ഉപകരണങ്ങൾ പ്രവർത്തിച്ച് കൊണ്ടിരിക്കുകയാണ്. 3)നിർമ്മിതികൾക്ക് കാലപ്പഴക്കമുള്ളതായി വ്യക്തമാകുന്നുണ്ട്. |
| 3 | 20/2022-23 | A1-BA(199841)/2022/ 16.06.22.(പെർമിറ്റ്). വാർഡ് 7, BL-09, S-353/8-1 സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ചക്ച്ചർ | 05.09.2023ന് കമ്പനി കംപ്ലീഷൻ/നമ്പറിംഗ് അപേക്ഷ നൽകി. പെർമിറ്റ് കാലാവധി 15.06.23ന് അവസാനിച്ചതിനാൽ ടവർ നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് 07.10.23ലെ 400906/BABC12/GP0/2023 /6262(1) നമ്പർ കത്ത് കമ്പനിക്ക് നൽകി. | |

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 09/2022-23/25.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ക്രമ നം. 2,3 എന്നീ ടവറുകൾ വർഷങ്ങളായി പ്രവർത്തിച്ച് വരുന്നതിനാലും പെർമിറ്റ് കാലാവധി അവസാനിച്ചതിനാലും ആയവ പെർമിറ്റ്/ക്രമവൽക്കരണ ഫീസ് ഈടാക്കി എന്ന് മുതലാണ് പ്രവർത്തനം ആരംഭിച്ചത് എന്ന് പരിശോധിച്ച് അന്ന് മുതലുള്ള, ചട്ടപ്രകാരമുള്ള വസ്തു നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 ഗ്രാമപഞ്ചായത്ത് അനുമതി ഇല്ലാതെയും അനധികൃത നിർമ്മാണങ്ങളുമായി അമ്യൂസ്മെന്റ് പാർക്ക് പ്രവർത്തിക്കുന്നു

പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിൽ കൊല്ലംചിന- പുതിയാത്ത് പുറായി റോഡിൽ പൊറ്റമ്മൽമാട് - അരീക്കാട്ട്മാട് പ്രദേശത്ത് ശ്രീ. അഹമ്മദ് സലീം എന്നവരുടെ പേരിലുള്ള 7/279 B, C, D എന്നീ വാണിജ്യ ആവശ്യകെട്ടിടങ്ങളിലും അനുബന്ധിച്ചും ഗ്രാമപഞ്ചയത്ത് അനുമതിയില്ലാതെ അമ്യൂസ്മെന്റ് പാർക്ക് പ്രവർത്തിക്കുന്നതായും നിരവധി ആളുകൾ സന്ദർശിക്കുന്നതായും അന്വേഷണത്തിൽ ബോധ്യപ്പെട്ടതായി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ബി-3 സെക്ഷൻ ക്ലർക്ക് 16.05.2022ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ , സ്ഥിരമോ താത്കാലികമോ ആയ അമ്യൂസ്മെന്റ് റൈഡുകൾ സ്ഥാപിച്ച് നടത്തുന്ന വിനോദ പരിപാടികൾക്ക് വേണ്ടി പുറപ്പെടുവിച്ച, G.O.(Rt) No. 1559/2020/LSGD Dtd. 20.08.20 ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ ടി സ്ഥാപനം പാലിക്കാത്തതായും, KPR ആക്ട് സെക്ഷൻ 232 പ്രകാരം ഗ്രാമപഞ്ചായത്ത് ലൈസൻസ് ഇല്ലാതെ ഏതൊരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല എന്നതും കാണിച്ച് സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തി വെക്കുന്നതിനും ഏഴ് ദിവസത്തിനകം കാരണം ബോധിപ്പിക്കുന്നതിനും ആവശ്യപ്പെട്ട് സ്ഥാപനം നടത്തുന്ന വ്യക്തിക്ക് ഗ്രാമപഞ്ചായത്ത് 19.05.2022ന് എ4-624/2022 നമ്പർ കത്ത് നൽകിയിട്ടുണ്ട്. തുടർന്ന്, മേൽ കെട്ടിട നമ്പറുകളിൽ പ്രവർത്തിക്കുന്ന വേവ്‌ലാൻഡ് അമ്യൂസ്മെന്റ് പാർക്ക് എന്ന സ്ഥാപനത്തിന് ലൈസൻസ് അനുവദിക്കുന്നതിന് 1831/22/10.08.22 നമ്പർ ഇൻവാർഡ് പ്രകാരം ശ്രീ. അഹമ്മദ് സലീം എന്നവർ അപേക്ഷിച്ചതിൽ , KPBR റൂൾ 25(1)(e) പ്രകാരം ഗ്രൂപ്പ് ഡി-അസംബ്ലി ഒക്കുപ്പൻസി കെട്ടിടത്തിലാണ് അമ്യൂസ്മെന്റ് പാർക്കുകൾ നടത്തേണ്ടത് എന്നതിനാൽ കെട്ടിടം ചട്ടപ്രകാരം തരം മാറ്റം വരുത്തി 20.08.20ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള വിവിധ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുന്നതിന് ടിയാന് 01.09.2022ന് 400906/RPPR01/GPO/2022/1831(1) നമ്പർ കത്ത് നൽകി.

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 16.05.2022ന് മുൻപ് തന്നെ പ്രവർത്തനം ആരംഭിച്ചിട്ടുള്ള സ്ഥാപനം നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെയാണ് പ്രവർത്തിച്ച് വരുന്നത്. ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാത്ത, വാട്ടർ റൈഡുകളുൾപ്പടെയുള്ള യന്ത്രങ്ങളുടെയും, കുട്ടികളുടെയും/സന്ദർശകരുടെയും സുരക്ഷിതത്വം ഉറപ്പ് വരുത്താതെ, 19.05.22, 01.09.22 തിയതികളിലെ ഗ്രാമപഞ്ചായത്ത് നിർദ്ദേശങ്ങളും, 20.08.2020ലെ സർക്കാർ ഉത്തരവും പാലിക്കാതെ ഒന്നര വർഷത്തിലധികമായി പ്രവർത്തനം തുടരുന്ന സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തി വെക്കുന്നതിന് ക്രിയാത്മക നടപടികളൊന്നും തന്നെ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

2) ഫയലിൽ ലഭ്യമായ, പാർക്കിന്റെ റൈഡുകളുടെയും മറ്റും പ്ലാൻ പരിശോധിച്ചതിൽ ടി സൈറ്റില് സ്വിമ്മിംഗ് പൂൾ ഉൾപ്പെടെ ഒന്നിലധികം പൂളുകൾ ഉണ്ട്. വസ്തു നികുതി ചട്ടങ്ങൾ പ്രകാരം സ്വിമ്മിംഗ് പൂളുകളെല്ലാം മെയിൻ കെട്ടിടത്തോട് ചേർത്ത് വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്. സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിട നമ്പറുകളുടെ ക്രമവൽക്കരണ ഫയൽ, പ്ലാൻ പരിശോധിച്ചതിൽ മേൽ പൂളുകൾ ഒന്നും തന്നെ വസ്തു നികുതി ചുമത്തപ്പെട്ടവയല്ല.

3) ക്രമവൽക്കരണ പ്ലാനിൽ കാർ പാർക്കിംഗ് രേഖപ്പെടുത്തിയ ഭാഗത്ത് നിലവിൽ റൈഡുകൾക്കായുള്ള ഉപകരണങ്ങൾ സ്ഥാപിച്ചതായാണ് കാണുന്നത്. വാണിജ്യ കെട്ടിടം തരം മാറ്റം വരുത്തി അസംബ്ലി കെട്ടിടമാക്കി വസ്തു നികുതി പുതുക്കി നിർണ്ണയിക്കേണ്ടതുണ്ട്.

4) റൈഡുകൾക്കായി യന്ത്രങ്ങൾ സ്ഥാപിക്കേണ്ടതുണ്ട് എന്നതിനാൽ തന്നെ ആയതിന് ഗ്രാമപഞ്ചായത്ത് അനുമതി ലഭ്യമാക്കുകയോ ഫീസ് അടവാക്കുകയോ ചെയ്തതിട്ടില്ല.

5) അനധികൃതമായി സ്ഥാപനം പ്രവർത്തിക്കുന്നതിനാൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട, അസംബ്ലി കെട്ടിടങ്ങൾക്ക് ബാധകമായ വസ്തു നികുതി, ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ നികുതി, തൊഴിലാളികളുടെ തൊഴിൽ നികുതി എന്നിവയും യഥാസമയം ലഭ്യമാകാതെ/ഈടാക്കാതെ വന്നിട്ടുണ്ട്. ആയവ സ്ഥാപനം എന്നാണോ പ്രവർത്തനമാരംഭിച്ചിതായി കണ്ടെത്തിയത് അന്നു മുതലുള്ള കുടിശ്ശികയും പിഴയും സഹിതം ഈടാക്കേണ്ടതായിട്ടുണ്ട്.

അപാകതക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 10/2022-23/25.11.2023ന് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ 30.11.2023ന് ടി പാർക്ക് ഗ്രാമപഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് നേരിട്ട് പരിശോധിക്കുകയുണ്ടായി. പരിശോധനയിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

A)സൈറ്റിൽ 4 പൂൾ ഉണ്ട്. പൂളുകൾ ഒന്നും തന്നെ വസ്തു നികുതി ചുമത്തപ്പെട്ടവയല്ല .

B)അംഗീകൃത ക്രമവത്കരണ പ്ലാൻ പ്രകാരമല്ലാതെ ഷീറ്റ് മേഞ്ഞതും അല്ലാതെയുമായി കെട്ടിട നിർമ്മാണങ്ങൾ ഉണ്ട്.

C) കാൻറീൻ, ടീ/കോഫീ ഷോപ്പ് പ്രവർത്തിക്കുന്നുണ്ട്.

D) വാട്ടർ തീം ആയും അല്ലാതെയും യന്ത്രങ്ങൾ ഉപയോഗിച്ചുമായി ഇരുപതോളം റൈഡുകൾ പ്രവർത്തിക്കുന്നുണ്ട്.

E) ക്രമവൽക്കരണ പ്ലാനിൽ കാർ പാർക്കിംഗ് രേഖപ്പെടുത്തിയ ഭാഗത്ത് നിലവിൽ റൈഡുകൾക്കായുള്ള ഉപകരണങ്ങൾ സ്ഥാപിച്ചതായാണ് കാണുന്നത്. മറ്റ് പാർക്കിംഗ് സൈറ്റിൽ ഒരുക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, സർക്കാർ ഉത്തരവും ഗ്രാമപഞ്ചായത്ത് നിർദ്ദേശങ്ങളോ പാലിക്കാതെ ഒന്നര വർഷത്തിലധികമായി പ്രവർത്തനം തുടരുന്ന സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തി വെക്കുന്നതിന് ക്രിയാത്മക നടപടികൾ സ്വീകരിക്കുകയോ, പാർക്കിലെ അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിച്ചും യന്ത്രങ്ങളുടെയും റൈഡുകളുടെയും മറ്റും പ്രവർത്തനങ്ങൾ നിയമപ്രകാരമാക്കി പാർക്കിന്റെ പ്രവർത്തനം നിയമവിധേയമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട നികുതി/ഫീസ് വരവുകൾ ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുകയോ ചെയ്ത് വിവരം ഓഡിറ്റിന് അറിയിക്കേണ്ടതുമാണ്.

## 1-18 വസ്തു നികുതി-വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർധനവ് ചെയ്തില്ല, 4890 രൂപ നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി സൗകര്യമുള്ള കെട്ടിടത്തിന് അടിസ്ഥാന വസ്തു നികുതിയുടെ 20% നികുതി വർധനവ് വരുത്തേണ്ടതാണ്. ചുവടെ ചേർത്ത അപേക്ഷകനിൽ നിന്ന് വസ്തു നികുതി അസസ്സ് ചെയ്തപ്പോൾ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർധനവ് കണക്കിലെടുക്കാത്തതിനാൽ വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

കെട്ടിട ഉടമയുടെ പേര് : ശ്രീ. അബ്ദുറഹിമാൻ ഇരുമ്പൻ

കെട്ടിടത്തിന്റെ തരം : 100 M2 മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടം .

അടിസ്ഥാന വസ്തു നികുതി നിരക്ക് : 50 രൂപ (ഇളവ് - 10%(ദ്വിതീയ മേഖല,) വർധനവ് - വഴി സൗകര്യം @ 20%)

ആകെ വിസ്തീർണ്ണം, നികുതി നിർണ്ണയിച്ച/ഈടാക്കിയ തിയതി: 489.03 M2, തി. 12-04-2022

കെട്ടിട ഉടമ സമർപ്പിച്ച, അസി. എഞ്ചിനിയർ അംഗീകരിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിലേക്ക് 5 മീറ്ററിലധികം വീതിയുള്ള പൊതു വഴി സൗകര്യം ലഭ്യമാണ്. വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള20% നികുതി വർധനവ് കണക്കിലെടുക്കാതെയാണ് വസ്തു നികുതി നിർണയിച്ചതും ഈടാക്കിയതും. ഈ ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ക്രമ നം | കെട്ടിട നം, വിസ്തീർണ്ണം | നിർണ്ണയിച്ച/ഈടാക്കിയ നികുതി | | നിർണ്ണയിക്കേണ്ടിയിരുന്ന/ഈടാക്കേണ്ടിയിരുന്ന നികുതി | | കുറവ് വന്ന നികുതി | |
|---|---|---|---|---|---|---|---|
| | | വസ്തു നികുതി | ലൈബ്രറി സെസ്സ് | വസ്തു നികുതി ((വിസ്തീർണ്ണംx50)-10%+20%)) | ലൈബ്രറി സെസ്സ് | വസ്തു നികുതി | ലൈബ്രറി സെസ്സ് |
| 1 | 17/221 G 15.45 M2 GF | 696/- | 35 | 850/- | 42 | 154 | 7 |
| 2 | 17/221 H 28.24 M2 GF | 1271/- | 64 | 1554/- | 78 | 283 | 14 |
| 3 | 17/221 J 17.06 M2 GF | 768/- | 39 | 939 | 47 | 171 | 8 |
| 4 | 17/221 K 17.06 M2 GF | 768 | 39 | 968 | 48 | 200 | 9 |
| 5 | 17/221 L 15.77 M2 GF | 710 | 36 | 868 | 43 | 158 | 7 |
| 6 | 17/221 M 39.75 M2 GF | 1789 | 90 | 2187 | 109 | 398 | 19 |
| 7 | 17/221 N 19.5 M2 GF | 878 | 44 | 1073 | 54 | 195 | 10 |
| 8 | 17/221 P 20.58 M2 GF | 927 | 47 | 1132 | 57 | 205 | 10 |
| 9 | 17/221 Q 37.87 M2 GF | 1705 | 86 | 2083 | 104 | 378 | 18 |
| ഒന്നാം നിലയിലെ ഷോപ്പ് മുറികൾ - ബഹുനില വാണിജ്യ കെട്ടിടങ്ങൾക്കുള്ള 5% നികുതിയിളവ് | | | | ((വിസ്തീർണ്ണംx50)-10%+20%))-5%. | | | |
| 10 | 17/221 R 20.96 M2 FF | 897 | 45 | 1096 | 55 | 199 | 10 |
| 11 | 17/221 S 21.36 M2 FF | 914 | 46 | 1116 | 56 | 202 | 10 |
| 12 | 17/221 T 20.71 M2 FF | 886 | 45 | 1082 | 54 | 196 | 9 |
| 13 | 17/221 U 22.57 M2 FF | 966 | 49 | 1180 | 59 | 214 | 10 |
| 14 | 17/221 V 22.57 M2 FF **(പ്രഥമ മേഖല എന്ന് രേഖപ്പെടുത്തി 10% ഇളവ് ചെയ്തില്ല)** | **1073** | **54** | 1180 | 59 | 107 | 5 |
| 15 | 17/221 W 21.28 M2 FF | 911 | 46 | 1112 | 56 | 201 | 10 |

| | | | | | | | |
|---|---|---|---|---|---|---|---|
| 16 | 17/221 X 45.26 M2 FF | 1936 | 97 | 2365 | 118 | 429 | 21 |
| 17 | 17/221 Y 25.01 M2 FF | 1070 | 54 | 1307 | 65 | 237 | 11 |
| 18 | 17/221 Z 26.09 M2 FF | 1117 | 56 | 1364 | 68 | 247 | 12 |
| 19 | 17/221 AA 25.97 M2 FF | 1111 | 56 | 1357 | 68 | 246 | 12 |
| 20 | 17/221 AB 25.97 M2 FF | 1111 | 56 | 1357 | 68 | 246 | 12 |
| ആകെ കുറവ് | | | | | | 4666 | 224 |

ആകെ 4890/-(4666+224) രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നഷ്ട തുക ഈടാക്കി പുതുക്കിയ ഫോറം 6 സഹിതം അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.25/2022-23 /30-11-23ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-19 പോർച്ച് വിസ്തൃതിക്ക് ക്രമവൽക്കരണ ഫീസ് ഈടാക്കിയില്ല

KPBR 2019 പ്രകാരം പ്രധാന കെട്ടിടങ്ങളോട് ചേർന്നു വരുന്ന പോർച്ച് നിർമ്മാണങ്ങൾക്കും പെർമിറ്റ്/ക്രമവൽക്കരണ ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത കെട്ടിട നിർമ്മാണങ്ങൾ ക്രമവൽക്കരിച്ച് നമ്പർ അനുവദിച്ചതിൽ ആയവയുടെ പോർച്ച് ഏരിയക്ക് ക്രമവൽക്കരണ ഫീസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | ക്രമവൽക്കരിച്ച് നൽകിയ കെട്ടിട നമ്പർ, വിസ്തീർണ്ണം, ഉടമ | അപ്രൂവ്ഡ് പ്ലാൻ പ്രകാരം ആകെ ബിൽഡ്അപ് ഏരിയ, കെട്ടിട തരം | ക്രമവൽക്കരണ ഫീസ് ഈടാക്കാത്ത/പോർച്ച് ഏരിയ, ക്രമവൽക്കരിച്ച തിയതി | കുറവ് വന്ന തുക, |
|---|---|---|---|---|
| 1 | 3/205 A , 335.16ച.മീ ഫ്ലോർ ഏരിയ. ശ്രീ. ഷിഹാബ് ചോക്ലി | 335.13+12.4= 347.56ച.മീ പാർപ്പിടം | 12.4 ച.മീ, 26.08.2022 | 12.4x7x2= 173.6 |
| 2 | 17/300 A, 436.62 ച.മീ ഫ്ലോർ ഏരിയ, ശ്രീ. മുഹമ്മദ് സക്കീർ കാട്ടീരി | 475.49+38.87 ച.മീ പോർച്ച്= 514.36ച.മീ പാർപ്പിടം | 38.87 ച.മീ 02.02.23 | 38.87x7x2 = 544.18 |
| ആകെ കുറവ് | | | | 717.7/- |

ആകെ 717.7 രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. അപാകതയുടെ കാരണം വിശദമാക്കേണ്ടതും കുറവ് വന്ന തുക ഈടാക്കി അറിയിക്കേണ്ടതുമാണ്.(ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 26/2022-23/30.11.2023 മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-20 സ്കൂളുകളിലെ അനധികൃത നിർമ്മാണങ്ങൾ പരിശോധിക്കാതെ ഫിറ്റ്നസ് അനുവദിക്കുന്നത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്ത് 2022-23 വർഷത്തേക്ക് ഫിറ്റ്നസ് നൽകിയ വിവിധ സ്കൂൾ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ, സഞ്ചയയിലെ വിദ്യഭ്യാസ കെട്ടിടങ്ങളുടെ വിവരങ്ങളുമായി താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ, അപേക്ഷ പ്രകാരം ഫിറ്റ്നസ് അനുവദിച്ച ചില സ്കൂൾ കെട്ടിടങ്ങളിൽ ഗ്രാമപഞ്ചായത്ത് നമ്പർ അനുവദിക്കാത്തതും, സഞ്ചയയിൽ 'വിദ്യാഭ്യാസ കെട്ടിടം' എന്ന ഗണത്തിലല്ലാതെ 'നികുതി ഒഴിവാക്കപ്പെട്ട കെട്ടിടം' എന്ന ഗണത്തിൽ ഉൾപ്പെടുത്തിയതിനാൽ ആയവ സഞ്ചയയിൽ വിദ്യഭ്യാസ കെട്ടിടങ്ങളായി ലഭ്യമാകാത്തതായും ഉണ്ട്. ഫിറ്റ്നസ് ലഭ്യമാകാതെ പ്രവർത്തിച്ച സ്കൂളുകളും ഉണ്ട്. ഫിറ്റ്നസ് നൽകുന്ന സമയത്ത് ആയതിന് ചുമതലപ്പെട്ട അസി. എഞ്ചിനിയറും ഫിറ്റ്നസ് അനുവദിക്കുന്ന കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിൽ വിദ്യഭ്യാസ കെട്ടിടമായി നമ്പർഅനുവദിച്ചതാണോ എന്നത് പരിശോധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു. ഫിറ്റ്നസ് അപേക്ഷകളിൽ/സർട്ടിഫിക്കറ്റുകളിൽ കെട്ടിടങ്ങളുടെ വിവരം ക്ലാസ് മുറികളായും വിസ്തീർണ്ണമായും ഇവ രണ്ടും ചേർത്തും രേഖപ്പെടുത്തിയിട്ടുള്ളതിനാലും വരാന്തകളുടെ വിസ്തീർണ്ണം കൃത്യമായി രേഖപ്പെടുത്താത്തതിനാലും പട്ടികയിൽ ചേർത്ത, ഫിറ്റ്നസ് സർട്ടിഫിക്കറ്റ്/അപേക്ഷ പ്രകാരമുള്ള ആകെ വിസ്തീർണ്ണം/ ക്ലാസ് മുറികൾ എന്നീ വിവരങ്ങളിൽ നിന്നും വ്യത്യാസപ്പെടാവുന്നതാണ്.

| ക്രമ നം | വിദ്യഭ്യാസ സ്ഥാപനത്തിന്റെ /സ്കൂളിന്റെ പേര് | സഞ്ചയ പ്രകാരമുള്ള കെട്ടിട നമ്പറുകളും ആകെ വിസ്തീർണ്ണവും | ഫിറ്റ്നസ് സർട്ടിഫിക്കറ്റ്/അപേക്ഷ പ്രകാരമുള്ള ആകെ വിസ്തീർണ്ണം/ ക്ലാസ് മുറികൾ | അപാകത/കുറിപ്പ് |
|---|---|---|---|---|
| 1 | എഡ്യൂകെയർ ലെറ്റർലാൻഡ് | 11/453 A, 342 ച.മീ. | 6 ക്ലാസ് മുറികൾ 223.26+വരാന്ത | എല്ലാ കെട്ടിടങ്ങൾക്കും ഫിറ്റ്നസ് എടുത്തിട്ടുണ്ടോ എന്നത് വ്യക്തമല്ല. |
| 2 | GLPS പറമ്പിൽപീടിക | 18/135, 136, 137, 138, 139. ആകെ 692 ച.മീ. | 24 ക്ലാസ് മുറികൾ, ആകെ 1435 ച.മീ. | എല്ലാ കെട്ടിടങ്ങൾക്കും ഫിറ്റ്നസ് എടുത്തിട്ടുണ്ടോ എന്നതും സഞ്ചയയിൽ ഉൾപ്പെടാത്തവ ഉണ്ടോ എന്നതും പരിശോധിക്കേണ്ടതുണ്ട്. |
| 3 | GHSS പെരുവള്ളൂർ | 4/281 B, C. ആകെ 1918.4ച.മീ | 17 ക്ലാസ് മുറികൾ, ആകെ 810ച.മീ. | |
| 4 | GHS പെരുവള്ളൂർ | 4/279, 280, 281, 281A, 282, 283, 284, 285. ആകെ 2829ച.മീ. | 46 ക്ലാസ് മുറികൾ, ആകെ 4747ച.മീ. | |
| 5 | നവഭാരത് സെൻട്രൽ സ്കൂൾ | 1/86, ആകെ 516ച.മീ. | 12 ക്ലാസ് മുറികൾ+ ഹാൾ, ആകെ 602.5ച.മീ. | ഫിറ്റ്നസ് അപേക്ഷ /സർട്ടിഫിക്കറ്റ് പ്രകാരം അധിക നിർമ്മാണം നടന്നിട്ടുണ്ട് എന്നത് വ്യക്തമാണ്. |
| 6 | നജാത്ത് HSS പെരുവള്ളൂർ | 5/332, 333, 334, 335. ആകെ 1127 ച.മീ. | 24 ക്ലാസ് മുറികൾ, ആകെ 867.5 ച.മീ.+വരാന്ത | എല്ലാ കെട്ടിടങ്ങൾക്കും ഫിറ്റ്നസ് എടുത്തിട്ടുണ്ടോ എന്നതും സഞ്ചയയിൽ ഉൾപ്പെടാത്തവ ഉണ്ടോ എന്നതും പരിശോധിക്കേണ്ടതുണ്ട്. |
| 7 | വ്യാസ വിദ്യാ നികേതൻ | 8/153 A, B, C. ആകെ 414ച.മീ.+**(C-യുടെ ഫോം 6 പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വിസ്തീർണ്ണം കണക്കിലെടുത്തിട്ടില്ല)** | 16ക്ലാസ് മുറികൾ, 585.6 ച.മീ. | ഫിറ്റ്നസ് അപേക്ഷ /സർട്ടിഫിക്കറ്റ് പ്രകാരം അധിക നിർമ്മാണം നടന്നിട്ടുണ്ട് എന്നത് വ്യക്തമാണ്. |
| 8 | ISMUP സ്കൂൾ പറച്ചെനപ്പുറായ | **സഞ്ചയ വിവരം ലഭ്യമാക്കിയിട്ടില്ല** | 20 ക്ലാസ് മുറികൾ, ആകെ 2491.76ച.മീ+ വരാന്ത | കെട്ടിട വിവരങ്ങൾ സഞ്ചയയിൽ ഇല്ലാത്തതിന്റെ കാരണം പരിശോധിച്ച് വിശദീകരിക്കേണ്ടതും അനധികൃത നിർമ്മാണം ഉണ്ടോ എന്നതും പരിശോധിക്കേണ്ടതുമുണ്ട്. |
| 9 | MISMUP സ്കൂൾ പേങ്ങാട്കുണ്ടിൽപറമ്പ് | 8/453, 454, 455, 456, 457 ആകെ 805ച.മീ. | 30 ക്ലാസ് മുറികൾ, ആകെ 4594+ഫിറ്റ്നസ് നൽകാത്ത 1124 ച.മീ. | എല്ലാ കെട്ടിടങ്ങൾക്കും ഫിറ്റ്നസ് എടുത്തിട്ടുണ്ടോ എന്നതും സഞ്ചയയിൽ ഉൾപ്പെടാത്തവ ഉള്ളതായി കാണുന്നതിനാൽ ആയതും പരിശോധിക്കേണ്ടതുണ്ട്. |
| 10 | TIOUP സ്കൂൾ പെരുവള്ളൂർ | 1/189 A,B, 1/191 A,B ആകെ 1428.8ച.മീ. | 17 ക്ലാസ് മുറികൾ, ആകെ 2552 ച.മീ. | ഫിറ്റ്നസ് അപേക്ഷ /സർട്ടിഫിക്കറ്റ് പ്രകാരം അധിക നിർമ്മാണം നടന്നിട്ടുണ്ട് എന്നത് |

| | | | | |
|---|---|---|---|---|
| | | | | വ്യക്തമാണ്. |
| 11 | GLPS ഒളകര | 8/239, 240, 241. ആകെ 500ച.മീ. | 13 ക്ലാസ് മുറികൾ, ആകെ 1463ച.മീ. | എല്ലാ കെട്ടിടങ്ങൾക്കും ഫിറ്റ്നസ് എടുത്തിട്ടുണ്ടോ എന്നതും സഞ്ചയയിൽ ഉൾപ്പെടാത്തവ ഉള്ളതായി കാണുന്നതിനാൽ ആയതും പരിശോധിക്കേണ്ടതുണ്ട്. |
| 12 | GMLPS കുമണ്ണ | 14/64A, 112.2ച.മീ. | 5 ക്ലാസ് മുറികൾ, 384.7 ച.മീ. | ഫിറ്റ്നസ് അപേക്ഷ /സർട്ടിഫിക്കറ്റ് പ്രകാരം അധിക നിർമ്മാണം നടന്നിട്ടുണ്ട് എന്നത് വ്യക്തമാണ്. |
| 13 | PMSAMLP സ്കൂൾ പെരുവള്ളൂർ | **സഞ്ചയ വിവരം ലഭ്യമാക്കിയിട്ടില്ല** | 8 ക്ലാസ് മുറികൾ, ആകെ 354 ച.മീ. | കെട്ടിട വിവരങ്ങൾ സഞ്ചയയിൽ ഇല്ലാത്തതിന്റെ കാരണം പരിശോധിച്ച് വിശദീകരിക്കേണ്ടതും അനധികൃത നിർമ്മാണം ഉണ്ടോ എന്നതും പരിശോധിക്കേണ്ടതുമുണ്ട്. |
| 14 | AKHMUP സ്കൂൾ ചാത്രത്തൊടി | 2/70, 2/70 A, B. ആകെ 1308.5ച.മീ | 24 ക്ലാസ് മുറികൾ, 889 ച.മീ. | അവശ്യമായ എല്ലാ കെട്ടിടങ്ങൾക്കും ഫിറ്റ്നസ് എടുത്തിട്ടുണ്ടോ എന്നത് ഉറപ്പ് വരുത്തേണ്ടതുണ്ട്. |
| 15 | GLP സ്കൂൾ പെരുവള്ളൂർ | **സഞ്ചയ വിവരം ലഭ്യമാക്കിയിട്ടില്ല** | ക്ലാസ് മുറികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല, ആകെ 377ച.മീ. | കെട്ടിട വിവരങ്ങൾ സഞ്ചയയിൽ ഇല്ലാത്തതിന്റെ കാരണം പരിശോധിച്ച് വിശദീകരിക്കേണ്ടതും അനധികൃത നിർമ്മാണം ഉണ്ടോ എന്നതും പരിശോധിക്കേണ്ടതുമുണ്ട്. |
| 16 | AMLP സ്കൂൾ ചാത്രത്തൊടി | **സഞ്ചയ വിവരം ലഭ്യമാക്കിയിട്ടില്ല** | 25 ക്ലാസ് മുറികൾ, ആകെ 961.51ച.മീ. | |
| 17 | അൽ ഫലാഹ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ഉങ്ങുങ്ങൽ | 5/477F, G. ആകെ 600.64ച.മീ. | **ഫിറ്റ്നസ് നൽകിയിട്ടില്ല** | എല്ലാ കെട്ടിടങ്ങളും സഞ്ചയയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് പരിശോധിക്കേണ്ടതും ഫിറ്റ്നസ് ഇല്ലാതെ പ്രവർത്തിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ് |
| 18 | ഫുൾബ്രൈറ്റ് ഗ്ലോബൽ സ്കൂൾ കാടപ്പടി | 11/300 B, C, D, E. ആകെ 897.3 ച.മീ. | **ഫിറ്റ്നസ് നൽകിയിട്ടില്ല** | |
| 19 | AMLPS വട്ടപ്പറമ്പ് | 1/325 A, B. ആകെ 736 ച.മീ. | **ഫിറ്റ്നസ് നൽകിയിട്ടില്ല** | |

പട്ടികയിലെ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ മേൽ വിദ്യഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ പൂർണ്ണമായോ ഭാഗികമായോ സഞ്ചയയിൽ ഉൾപ്പെട്ടിട്ടില്ലാത്തതോ, നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്ന ഗണത്തിൽ ചേർത്തതോ ആണ് എന്നും സ്വകാര്യ അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നികുതി നിർണ്ണയിക്കപ്പെടാത്ത അനധികൃത നിർമ്മാണങ്ങൾ ഉള്ളതായും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ വിദ്യഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായും വ്യക്തമാകുന്നുണ്ട്.

അപാകതകൾക്ക് കാരണം വിശദമാക്കി മറുപടി ലഭ്യമാക്കേണ്ടതും മേൽ വിദ്യഭ്യാസ കെട്ടിടങ്ങളുടെ വിവരങ്ങൾ വിശദമായി പരിശോധിച്ച് നടപടികൾ സ്വീകരിച്ച് വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 23/2022-23/30-11-23ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-21 എസ്.എസ്.കെ വിഹിതം - പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

സെക്രട്ടറി നിർവഹണം നടത്തിയ എസ്.എസ്.എ വിഹിതം അടവാക്കൽ എന്ന പ്രൊജക്ടുകൾ മുഖേന താഴെ പറയും പ്രകാരം ₹ 14,00,000 State Project Officer SSK ക്ക് നൽകിയിട്ടുണ്ട്.

| പ്രോജക്ട് | ചെലവഴിച്ച തുക | ബിൽ നമ്പർ |
|---|---|---|
| എസ്.എസ്.എ വിഹിതം അടവാക്കൽ (1/23) | 9,00,000 | 72/14.10.22 (ധനകാര്യ കമ്മീഷന് അവാർഡ്) |
| | 5,00,000 | 102/19.11.22 (ധനകാര്യ കമ്മീഷന് അവാർഡ്) |
| ആകെ | 14,00,000 | |

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 പ്രകാരം

1. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ( ഖ 8.6.3) പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്ത ത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്.
2. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ( ഖ 8.6.4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ് എസ്.കെ. പ്രാക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ് എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കു മ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Ultation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം.

പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

- പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.
- പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.
- ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവൃത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചതായി കാണുന്നില്ല.
- വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
- പ്രൊജക്ടിന്റെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് SSK ലഭ്യമാക്കിയിട്ടില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-2/24.11.2023 ന് നൽകിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിനായി എസ്.എസ്.കെ ക്ക് കത്ത് നൽകുന്നതാണ് എന്ന് അറിയിച്ചു. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്. ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചിലവ് തുക 14,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 അങ്കണവാടി കുടിവെള്ള പദ്ധതി -പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ അംഗവാടികളിൽ കുടിവെള്ള പദ്ധതി എന്ന പ്രൊജക്ട് പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലെ 6 അംഗവാടികളിൽ കുഴൽകിണർ നിർമ്മിക്കുന്നതിനായി ഭൂജല വകുപ്പിന്റെ 31.3.22 ലെ ജി.എം.1583/2021 നമ്പർ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം 3,51,894 രൂപ ഭൂജല വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചില അപാകതകൾ കാണുന്നു വിശദവിവരം ചുവടെ

| പദ്ധതി | അടങ്കൽ | ബിൽ നമ്പർ | ചെലവ് തുക |
|---|---|---|---|

| | | | |
|---|---|---|---|
| **അംഗനവാടികളിൽ കുടിവെള്ള പദ്ധതി** (27/23) | 532846 ( ധനകാര്യ കമ്മീഷൻ അവാർഡ്) | 223/1.3.23 | **3,39,049** |
| | | 316/25.3.23 | 12845 |
| | | ആകെ | **3,51.894** |

സർക്കാർ ഉത്തരവ് (കൈ)84/2022 ത.സ്വ.ഭ.വ തിയതി.19.4.22 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 12.2.ഡി(iv) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതും നിക്ഷപ പ്രവൃത്തികളുടെ പരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ ഗ്രാമ പഞ്ചായത്ത് പ്രസ്തുത നിക്ഷപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-4/24.11.2023 ന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ വിവരം ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചു വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 3,51,894 തടസ്സം ചെയ്യുന്നു.

## 1-23 സ്ട്രീറ്റ് മെയിൻ വലിക്കൽ -പൂർത്തീകരണ വിവരം ലഭ്യമല്ല.

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ സ്ട്രീറ്റ് മെയിൻ വലിക്കൽ എന്ന പദ്ധതിക്കായി താഴെ പറയും പ്രകാരം 13,06,687രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചില അപാകതകൾ കാണുന്നു വിശദവിവരം ചുവടെ

| പദ്ധതി | അടങ്കൽ | ബിൽ നമ്പർ | ചെലവ് തുക |
|---|---|---|---|
| സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (203/23) | 13,06,687 (വികസനഫണ്ട് ജനറൽ) | 138/23.12.22 | 13,06,687 |
| | | ആകെ | 13,06,687 |

സർക്കാർ ഉത്തരവ് (കൈ)84/2022 ത.സ്വ.ഭ.വ തിയതി.19.4.22 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 12.2.ഡി(iv) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതും നിക്ഷേപ പ്രവൃത്തികളുടെ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പ്രസ്തുത നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-3/24.11.2023 ന് നൽകിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചു.വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-24 പൊതു ടാപ്പുകളിലെ വെള്ളക്കരം - സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല.

**ഗ്രാമ പഞ്ചായത്തിലെ 12** പൊതു ടാപ്പുകളിലെ വെള്ളക്കരം അടവാക്കുന്നതിനായി ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്

| ക്രമ നം. | വൗച്ചർ നമ്പർ | ചെലവ് തുക |
|---|---|---|
| 1 | 22200074/17.5.22 | 5788 |
| 2 | 22200088/23.5.22 | 5788 |
| 3 | 22200154/13.6.22 | 5788 |
| 4 | 22200245/19.7.22 | 5788 |
| 5 | 22200298/20.8.22 | 5788 |
| 6 | 22200393/19.10.22 | 5788 |
| 7 | 22200460/27.10.22 | 5788 |
| 8 | 22200543/21.11.22 | 5788 |
| 9 | 22200636/20.12.22 | 5788 |

| | | |
|---|---|---|
| 10 | 22200732/25.1.23 | 5788 |
| 11 | 22200818/23.2.23 | 14559 |
| 12 | 22200909/16.3.23 | 14559 |
| | ആകെ | 86998 |

ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഈ പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) സഉ(സാ.ധാ)1275/2009/ത.സ്വ.ഭ.വ തിയതി30.6.2009പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്ഥാപനത്തിന്റെ പരിധിയിലുള്ള പൊതു ടാപ്പുകളുടെ എണ്ണം കേരള ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തണമെന്ന് നിർദേശിച്ചിരുന്നു.എന്നാൽ ഗ്രാമ പഞ്ചായത്ത് നാളിതുവരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല.

2) ജല അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 12 പൊതു ടാപ്പുകൾക്കാണ് നിലവിൽ വെള്ളക്കരം അടവാക്കുന്നത്.എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിലെ ആകെ ടാപ്പുകളുടെ എണ്ണം, ജലം ലഭ്യമായ ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരം ലഭ്യമല്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/2022-23/28.11.23 ന് മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-25 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - രജിസ്റ്ററുകളും അനുബന്ധ രേഖകളും ലഭ്യമല്ല.

ഓഡിറ്റ് വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ വാർഷിക കണക്ക് പ്രകാരം 604907രൂപ ചെലവഴിച്ചിട്ടുണ്ട്

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ഗ്രാമപ്പഞ്ചായത്തിലെ തെരുവ് വിളക്കുകൾ സ്ഥാപിച്ച പോസ്റ്റുകളുടെ വിവരം, പോസ്റ്റുകളിലെ തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷൻ, വിവിധ പ്രദേശങ്ങളിലുള്ള ഹൈമാസ്റ്റ് , മിനി മാസ്റ്റ് ലൈറ്റുകളുടെ വിവരം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2.ഗ്രാമപഞ്ചായത്തിൽ ആകെ ഉള്ള സ്ട്രീറ്റ് മെയിനിന്റെ നീളം, പ്രദേശം, തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചതിന്റെ വിവരങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല.

3.3055/ഡി.എ 3/2011 തിയതി 15.09.2011 സർക്കുലർ പ്രകാരം കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ വിവരശേഖരണം നടത്തേണ്ടതാണ് എന്ന് നിർദ്ദേശമുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-21/30.11.2023 ന് മറുപടി നൽകിയിട്ടില്ല.തെരുവ് വിളക്കുകളുടെ വിവരശേഖരണം നടത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-26 വൈദ്യുതീകരണം അപാകതകൾ

സ.ഉ (കൈ) നം 84/2022/ തസ്വഭവ തി.19.04.2022 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ഏറ്റെടുത്തുനടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും ചെക്ക് മെഷർ ചെയ്യുന്നതിനും LSGD എക്സി .എഞ്ചിനീയർ ഉൾപ്പെട്ടതും PWD, KSEB, Electrical Inspectorate എന്നിവിടങ്ങളിൽ നിന്ന് വിരമിച്ചവരുമായ യോഗ്യരായ എഞ്ചിനീയർമാരുടെ ഒരു പാനൽ (Technical Committee) ജില്ലാ ആസൂത്രണ സമിതി രൂപീകരിക്കേണ്ടതാണ്. LSGD എക്സി .എഞ്ചിനീയർ Technical Committee യുടെ കൺവീനർ ആയിരിക്കും. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതിക അനുമതി ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാന പ്രകാരം കൺവീനർ അനുവദിക്കേണ്ടതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക , ബിൽ തയ്യാറാക്കുക എന്നിവക്ക് ടെക്നിക്കൽ കമ്മിറ്റിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് Technical Committee യിൽ നിന്നും ഒരു എഞ്ചിനീയറെ തദ്ദേശ സ്വയം ഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. കരാറിൽ ചുമതലകളും വ്യവസ്ഥകളും വ്യക്തമാക്കുകയും സമ്മത പത്രം വാങ്ങുകയും വേണം. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. കൂടാതെ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുക, നിർവ്വഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക എന്നിവക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയുടെ 1.5% തുക (കുറഞ്ഞത് 2000 രൂപ, പരമാവധി 20000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുന്നതിനും ടെക്നിക്കൽ കമ്മിറ്റിയിലെ ഒരംഗത്തിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. എന്നാൽ നിർവ്വഹണ മേൽ നോട്ടം നടത്തി അളവുകൾ രേഖപ്പെടുത്തിയ അതേ അംഗത്തെ തന്നെ ചെക്ക് മെഷർ നടത്തുന്നതിന് നിയോഗിക്കാൻ പാടില്ല. ചെക്ക് മെഷർ ചെയ്യുന്നതിന് പ്രതിഫലമായി

എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) നൽകാവുന്നതാണ്.

2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ അംങ്കണവാടികൾ വൈദ്യുതീകരണ പദ്ധതികൾക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു. വിശദവിവരം ചുവടെ .

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം:പേര് | 17/23- **വിവിധ അംഗനവാടികൾ വയറിംഗ്** | അടങ്കൽ/ഫണ്ടിനം | 400000 വികസന ഫണ്ട് (ജനറൽ) |
| ചെലവ് | 3.41,843 | ബിൽ നമ്പർ/തീ: | 329/28.3.23 |
| കോൺട്രാക്റ്റ് | ഗോപകുമാർ. എ.സി. ( ബിലോഎസ്റ്റിമേറ്റ് ) | എഗ്രിമെന്റ് | 16/22-23 /30.1.23 |
| എംബുക്ക് | 107/22-23,108 /22-23 | - | - |
| നിർവ്വഹണം | **സെക്രട്ടറി** | | |

1). ഇലക്ട്രിക്കൽ പ്രവ്യത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവ്യത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനം എഞ്ചിനിയറെ തെരഞ്ഞെടുത്തതായും കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല.

2). പ്രവ്യത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവ്യത്തികളുടെ മേൽനോട്ടം വഹിക്കുക , ബിൽ തയ്യാറാക്കുക എന്നിവക്കുള്ള 2% ഓണറേറിയവും പ്രവ്യത്തികളുടെ പ്രവ്യത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുക എന്നിവക്കായുള്ള 0.5% ഓണറേറിയവും (8294/-രൂപ ) ശ്രീ.അബൂബക്കർ സി.കെ( (ജില്ലാ പഞ്ചായത്ത് ടെക്നിക്കൽ കമ്മറ്റി (ഇലക്ട്രിക്കൽ)അംഗം) യുടെ 67156870219 (SBI) ബാങ്ക് അക്കൗണ്ടിലേക്കമാണ് നൽകിയിട്ടുള്ളത്.

3). പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽ നിന്ന് ടേംസ് ഓഫ് റഫറൻസ് നൽകി സമ്മതപത്രംവാങ്ങിയതായി കാണുന്നില്ല.

4)എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവ്യത്തികളുടെ മേൽനോട്ടം വഹിക്കുക , ബിൽ തയ്യാറാക്കുക, പ്രവ്യത്തികളുടെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള പരിശോധന നടത്തുക, പ്രവ്യത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുക തുടങ്ങി ഒരു പ്രവ്യത്തിയുമായി ബന്ധപ്പെട്ട എല്ലാ ചുമതലകളും സാങ്കേതികാനുമതിക്കായുള്ള പാനൽ(ശ്രീ. അബൂബക്കർ,ശ്രീ.അലികുന്നത്ത്,ശ്രീസുൾഫിക്കർ .എൻ). തന്നെയാണ് നിർവഹിക്കുന്നത് . ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-11/25.11.2023 ന് മറുപടി നൽകിയിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 പി.എം.എ.വൈ ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ-വിനിയോഗ വിവരം ലഭ്യമല്ല

ഗ്രാമ പഞ്ചായത്ത് 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ മുഖേന താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല വിശദവിവരം ചുവടെ

| ക്രമനം | പ്രൊജക്റ്റ് നമ്പറും പ്രൊജക്റ്റിന്റെ പേരും | അടങ്കൽ തുക ഫണ്ട് | ചെലവ് തുക | ബിൽ നമ്പർ | അഭിപ്രായം |
|---|---|---|---|---|---|
| 1 | പി.എം.എ.വൈ ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ(ജനറൽ) 136/23 | 2,10,000 വികസന ഫണ്ട് (ജനറൽ) | 1,40,000 | 146/6.1.23 | തുക ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ടെങ്കിലും വിനിയോഗ വിവരം ലഭ്യമല്ല |
| | | | 70,000 | 214/15.2.23 | |
| 2 | പി.എം.എ.വൈ ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ | 2,10,000 വികസന | 70,000 | 145/6.1.23 | തുക ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ടെങ്കിലും |
| | | | 70,000 | 215/15.2.23 | |

| | | | | | |
|---|---|---|---|---|---|
| | (എസ്.സി.പി)137/23 | ഫണ്ട് (എസ്.സി.പി) | 70,000 | 250/15.3.23 | വിനിയോഗ വിവരം ലഭ്യമല്ല |
| | | ആകെ | 4,20,000 | | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/25-11-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് ആയത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-28 മെഡിക്കൽ ഓഫീസർ-പർച്ചെയ്സ് ജെം മുഖേന നടത്തിയിട്ടില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹിച്ച ചുവടെ കൊടുത്ത പദ്ധതി പ്രകാരം ഫർണിച്ചറുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി ടെണ്ടർ നടപടികൾ പ്രകാരം ആകെ 52200/- രൂപ താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് | അടങ്കൽ | ചെലവ് / | ഇൻവോയ്സ് നമ്പർയതിയ്യതി | റിമാർക്സ് |
|---|---|---|---|---|
| 190/23 കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപ കേന്ദ്രത്തിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 329903/- Health Grant | 52200/- Bill No.4/8.3.23 | സഹാറ ഫർണിച്ചർ 1.570/13.2.23 2.550/6.2.23 3.600/15.2.23 4.605/21.2.23 | Chair,Steel Book Shelf |
| | ആകെ | 52200 | | |

പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകത കാണുന്നു.

ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000/-രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേനയാണ് സമാഹരിക്കേണ്ടത്. എതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്.എന്നാൽ മേൽ പർച്ചേസ് GeM വഴി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.27/30.11.2023 ന് മറുപടി നൽകിയിട്ടില്ല. ഭാവിയിൽ പർച്ചേസ് GeM വഴി നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ (പി എച്ച് സി) വിവിധ മരുന്ന് വാങ്ങൽ പദ്ധതികൾ പ്രകാരം മരുന്ന് വാങ്ങുന്നതിന് KMSCL ന് മുൻകൂറായി പണം നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | ചെലവ് | ബിൽ റഫറൻസ് നമ്പർ | പ്രൊഫോർമ ഇൻവോയ്സ് നമ്പർ | ഫണ്ടിനം |
|---|---|---|---|---|
| അതി ദരിദ്രരുടെ ആരോഗ്യ പരിപാലനം 214/23 | 100000 | 22200940/27.3.23- | PRF5564/22.3.2023 | തനത് ഫണ്ട് |
| പാലിയേറ്റീവ് പരിചരണം 10/23 | 25000 | 5/23.2.23 | PRF3743/19.1.2023 | വികസനഫണ്ട് |
| | 423623 | 9/17.3.23 | PRF5193/10.3.2023 | വികസനഫണ്ട് |
| | 300000 | 11/22.3.23 | PRF5560/22.3.2023 | Block Share |

| | | | | |
|---|---|---|---|---|
| ആകെ | 8,48,623 | | | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.22/30.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 8,48,623 രൂപയുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ എടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-30 അങ്കണവാടികൾക്ക് ഉപകരണങ്ങൾ വാങ്ങൽ ജെം പോർട്ടൽ മുഖേന നടത്തിയില്ല.

ICDS Supervisor നിർവ്വഹിച്ച ചുവടെ കൊടുത്ത പദ്ധതികൾ പ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിനായി ടെണ്ടർ നടപടികൾ മുഖേന താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് | അടങ്കൽ | ചെലവ് / ബിൽ നമ്പർ | ഇൻവോയ്സ് നമ്പർ /തിയ്യതി | റിമാർക്ക്സ് |
|---|---|---|---|---|
| 107/23 അംഗനവാടികൾക്ക് മിക്സർ ഗ്രൈൻഡർ വാങ്ങൽ | 115500/- | 10,2000- Bill No.22150652035101064750/19.1.23 | 32 B 22-23/53 /11.1.23 Rafeeque Trading | ഫിലിപ്പ്സ് മിക്സി |
| | | 13500 /22150652035101064750/ 19.1.23 | | |
| അംഗനവാടികൾക്ക് സ്റ്റീൽ കണ്ടയിനർ വാങ്ങൽ 232/23 | 300900 | 239427 22150652035101450827/23.3.23 | Steel House B2C/01973 /23.3.23 | സ്റ്റീൽ കണ്ടയിനർ |
| | ആകെ | 354927 | | |

പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകത കാണുന്നു.

ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000/-രൂപയ്ക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേനയാണ് സമാഹരിക്കേണ്ടത്. എന്തെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്.എന്നാൽ മേൽ പർച്ചേസ് GeM വഴി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.28/30.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ പർച്ചേസ് GeM വഴി നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 പൊതു മരാമത്ത് പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ 2022-23 ൽ നടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

**I). പ്രൊജക്ടുകളുടെ നിർവ്വഹണം.**

2022-23 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 78 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 36 പ്രൊജക്ടുകളിലായി ആകെ 15407072/- രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 78 | ആകെ അടങ്കൽ | 34789682 |
| നടപ്പിലാക്കിയത് | 36 | ചെലവ് | 15407072 |
| ശതമാനം | 46% | ചെലവ് ശതമാനം | 44 |

സമയ ബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാത്തത് മൂലം ഫണ്ടുകൾ ലാപ്സാവുന്നുണ്ട്. സാമ്പത്തിക വർഷത്തിൽ റോഡ് സംരക്ഷണ ഗ്രാന്റിൽ മാത്രം 36.5 ലക്ഷം രൂപ ലാപ്സായിട്ടുണ്ട്. സമയ ബന്ധിതമായി പ്രവൃത്തി പൂർത്തികരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**II). റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.**

പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി

മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ പ്രസ്തുത രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയത് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**III). ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.**

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി. പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻപ് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**IV). ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

മേൽ ഓഡിറ്റ് പരാമർശങ്ങളിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-32 തൊഴിലുറപ്പ് പദ്ധതിയിലെ വാങ്ങലുകൾക്ക് TDS ഈടാക്കിയില്ല.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28th ജി.എസ്.ടി കൗൺസിൽ എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ നടത്തുന്ന വാങ്ങലുകൾ 2.5 ലക്ഷം രൂപയിൽ അധികരിക്കുകയാണെങ്കിൽ ജി.എസ്.ടി TDS ഇനത്തിൽ 2 ശതമാനം ഈടാക്കേണ്ടതാണ്. കൂടാതെ മിഷൻ ഡയറക്ടറുടെ 30.07.2019 -ലെ 957/EGS-C/16/REGS നമ്പർ സെർക്കുലർ പ്രകാരം TDS തുക കുറവ് ചെയ്യുന്നതിനുള്ള സൗകര്യം തൊഴിലുറപ്പ് പദ്ധതിയുടെ ബിൽ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയറിൽ ലഭ്യമാക്കുന്നത് വരെ TDS തുക വെണ്ടർ/ സപ്ലെയർ പഞ്ചായത്തിൽ നേരിട്ട് അടവാക്കണമെന്നും, ആയതിൻ പ്രകാരം പഞ്ചായത്ത് സെക്രട്ടറി TDS ഫയൽ ചെയ്യണമെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്.

എന്നാൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുള്ള റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് ആവശ്യമായ സിമന്റ്, എം സാന്റ് , മെറ്റൽ എന്നിവ ടെണ്ടർ ക്ഷണിച്ച് വെണ്ടർമാർ മുഖേന പർച്ചേസ് നടത്തിയിട്ടുണ്ട്. പ്രസ്തുത പർച്ചേസുകളിന്മേൽ ജി എസ് ടി -യിന്മേൽ TDS ഈടാക്കി ഫയൽ ചെയ്തിട്ടില്ല. ആയത് മൂലം വെണ്ടർമാർ/ സപ്ലെയർ ടാക്സ് അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്താൻ കഴിയില്ല. പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രൃ.ന | പ്രവൃത്തിയുടെ വിവരം | മെറ്റീരിയൽ വാങ്ങുന്നതിന് നൽകിയ തുക |
|---|---|---|
| 1 | മാത്തംഞ്ചേരിമാട് മൂലത്ത്പള്ളിയാളി റോഡ് കോൺക്രീറ്റ്<br>[സപ്ലെയർ: ഫസീഹ് അലി , FTO No. 61385/02.09.2022] | 290086 |
| 2 | പണിക്കർമാട് മുക്കുട്ടിൽ റോഡ് കോൺക്രീറ്റ്<br>[സപ്ലെയർ: ശ്രീധരൻ എൻ.എം , FTO No. 14642/06.04.2022] | 360525 |
| 3 | കാവുങ്ങര ഇടവഴി കോൺക്രീറ്റ്<br>[സപ്ലെയർ: നാസർ പെരിഞ്ചീരി , FTO No. 1385422/17.4.2022] | 392559 |

TDS ഈടാക്കാതെ വെണ്ടർമാർ/ സപ്ലെയർ -ക്ക് തുക അനുവദിച്ചതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [17/28-11-2023] ലഭ്യമാക്കിയ മറുപടിയിൽ TDS ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 ഇ. ടെണ്ടർ - ടെണ്ടർ ഫീ നേരിട്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

2022-23 വർഷത്തിൽ പഞ്ചായത്തിൽ ഇ-ടെണ്ടർ നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ടെണ്ടർ ഫീ മലപ്പുറം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ആണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത്. ഇ-ടെണ്ടറിൽ ടെണ്ടർ ഫീ പഞ്ചായത്തിലെ അസി. എൻജിനീയറുടെ അക്കൗണ്ടിലേക്ക് നേരിട്ട് ലഭ്യമാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. എന്നാൽ മേൽ ഉത്തരവ് പ്രകാരമുള്ള അക്കൗണ്ട് തുടങ്ങി ഇ-ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. ആയത് മൂലം ടെണ്ടർ ഫീ

ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തനത് വരുമാനം പഞ്ചായത്ത് ഫണ്ടിലേക്ക് വരവുവെക്കുന്നതിന് കഴിഞ്ഞിട്ടില്ല.

02.10.2017-ലെ സർക്കാർ നിർദ്ദേശം നാളിതുവരെ നടപ്പിലാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് കഴിഞ്ഞിട്ടില്ല. കൂടാതെ ഈ വകുപ്പിന്റെ മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ [2020-21- ഖണ്ഡിക 1-22, 2021-22- ലെ ഖണ്ഡിക 1-26] പ്രസ്തുത വിഷയം പരാമർശിച്ചിട്ടുള്ളതാണ്. ഇ-ടെണ്ടർ അസി. എൻജിനീയറുടെ അക്കൗണ്ടുമായി മാപ്പ് ചെയ്ത് ടെണ്ടർ ഫീ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാത്തത് ക്രമപ്രകാരമല്ല. ആയത് എൻജിനീയറിംഗ് വിഭാഗത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

ഇ ടെണ്ടർ ഫീ ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി. എൻജിനീയറിൽ നിന്നും ലഭിക്കേണ്ട തുകയുടെ വിവരം വർഷം തിരിച്ച് അസി. എൻജിനീയർ ലഭ്യമാക്കിയിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

| ക്ര.ന | വർഷം | ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കാനുള്ള തുക |
|---|---|---|
| 1 | 2018-19 | 22176 |
| 2 | 2019-20 | 34126 |
| 3 | 2020-21 | 97169 |
| 4 | 2021-22 | 153790 |
| 5 | 2022-23 | 12390 |
| ആകെ | | 319651 |

ഇ ടെണ്ടർ ഫീ ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി. എൻജിനീയറിൽ നിന്നും ലഭിക്കേണ്ട തുക ലഭ്യമാക്കുന്നതിനും ബാങ്ക് അക്കൗണ്ട് തുടങ്ങി ആയത് E Tender സൈറ്റുമായി മാപ്പ് ചെയ്യുന്നതിനും അടിയന്തര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിഷയം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-34 കുഴക്കിൽ റോഡ് ഡ്രൈനേജ്- മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കുഴക്കിൽ റോഡ് ഡ്രൈനേജ് (29/23) എന്ന പ്രവൃത്തിയിൽ ഡ്രൈനേജ് നിർമ്മിക്കുന്നതിന് ശരാശരി 0.9 മീറ്റർ വീതിയിലും, 89 മീറ്റർ നീളത്തിലുമായി ശരാശരി 1 മീറ്റർ ആഴത്തിൽ മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. Hydraulic Excavator /Dozer ഉപയോഗിക്കുന്നതിന് റോഡു സൗകര്യം ഉള്ളതിനാൽ ആയത് ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2/ 3.5.3) ആണ് അനുവദനീയമായത്. മേൽ പ്രവൃത്തിയിൽ മാനവൽ ആയി മണ്ണ് നീക്കം ചെയ്തതായി രേഖപ്പെടുത്തി ഉയർന്ന നിരക്ക് (Mord Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. അധിക നിരക്ക് നൽകിയത് ക്രമ പ്രകാരമല്ല. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| അടങ്കൽ/ ചെലവ് | 900000/662083 (CFC) |
| കരാർ | AE/LSGD/PVLR/26/2021-22/18.12.2021 |
| ടി എസ് | TS/2021/62392/01.12.2021 (36.44%) |
| എം ബുക്ക് | 69/2021-22 |
| വൗച്ചർ | 05/2022-23/08.07.2022 |
| കരാറുകാരൻ | Shajahan T T |
| നൽകിയ തുക, (MoRD Code 3.5.1 പ്രകാരം- @ 360.75/m3- Cost Index<br>36.44% & Tender Variation -Below 19.1% - Ie, 291.8/m3) | 25832/-, [Ie, (79.04 M3 * 291.8/m3) + 12% GST)] |
| നൽകാവുന്ന തുക, (MoRD Code 3.5.2 പ്രകാരം- @ 84.05/m3- Cost Index 36.44% & Tender Variation -Below 19.1% - Ie, 67.99/m3) | 6019/-, [Ie, (79.04 M3 * 67.99/m3) + 12% GST)] |
| അധികം നൽകിയ തുക | 19813/- [Ie, 25832 - 6019] |

Dozer, Hydraulic Excavator എന്നിവ ഉപയോഗപ്പെടുത്താതെയാണ് മണ്ണ് നീക്കം ചെയ്തിട്ടുള്ളത് എങ്കിൽ ആയത് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യുകയോ, അധികം നൽകിയ തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ് എന്ന ഓഡിറ്റ് പരാമർശത്തിന് (ഓഡിറ്റ് എൻക്വയറി 05/25.11.2023) ലഭ്യമാക്കിയ മറുപടിയിൽ സൈറ്റിലെ പ്രത്യേക സാഹചര്യം മൂലം പ്രവൃത്തിയിൽ Dozer, Hydraulic Excavator എന്നിവ ഉപയോഗപ്പെടുത്തിയിട്ടില്ലെന്നും മാനുവൽ ലേബർ മാത്രം ഉപയോഗപ്പെടുത്തിയാണ് മണ്ണ് നീക്കം ചെയ്തതെന്നും റിപ്പോർട്ട്

ചെയ്തിട്ടുണ്ട്. എന്നാൽ മറുപടിയിൽ പറയുന്ന വിവരങ്ങൾ ഒന്നും എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഇല്ല. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയിന്മേൽ പദ്ധതി നിർവ്വഹണത്തിന് മേൽ നോട്ടം നടത്തിയ മോണിറ്ററിംഗ് സമിതിയുടെ അഭിപ്രായം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-35 റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി.

2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി, അസി.എൻജിനിയർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെ സൈറ്റുകൾ പരിശോധിച്ച്, പ്രസ്തുത കോൺക്രീറ്റ് പ്രവൃത്തികളിൽ ഫോം വർക്ക് ചെയ്തിട്ടുണ്ടോ എന്ന് റിപ്പോർട്ട് ചെയ്യുന്നതിന് ഓഡിറ്റ് ആവശ്യപ്പെട്ടിരുന്നു.

| ക്ര.ന | പ്രൊജക്ടുകൾ |
|---|---|
| 1 | അയ്യപ്പൻ ചാലിൽ നീറ്റിക്കുഴി റോഡ് കോൺക്രീറ്റ് (167/23) |
| 2 | നടുക്കര കീപ്പിലാട് റോഡ് കോൺക്രീറ്റ് (95/23) |
| 3 | പുത്തുക്കാട്ട്മാട് റോഡ് നിർമ്മാണം (198/23) |
| 4 | പറമ്പിൽപീടിക കൊളപ്പുരക്കൽ റോഡ് പുനരുദ്ധാരണം (91/23) |
| 5 | പൊരിക്കാങ്ങൽ കണ്ട്യാട്ട് റോഡ് കോൺക്രീറ്റ് (200/23) |
| 6 | മൈത്രീ റോഡ് കോൺക്രീറ്റ് (201/23) |

മേൽ പ്രവൃത്തികളുടെ സൈറ്റുകൾ പരിശോധിച്ച് 29.11.2023-ന് അസി. എൻജിനീയർ ലഭ്യമാക്കിയ റിപ്പോർട്ടിൽ ക്രമ നമ്പർ 1,2,3 പ്രവൃത്തികളിൽ റോഡിന് ഇരുവശത്തും സ്വകാര്യ വ്യക്തികളുടെ മതിലുകൾ ആയതിനാൽ ഫോം വർക്ക് നൽകേണ്ട ആവശ്യകത ഉണ്ടായിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ക്രമ നമ്പർ 1,2,3 പ്രവൃത്തികളിൽ കോൺക്രീറ്റ് ചെയ്യുന്നതിന് ഫോം വർക്ക് ഒഴിവാക്കിയിട്ടുള്ള നിരക്കാണ് അനുവദനീയമായത് [@ 8027.67/m3 _Cost Index 136.44%]. എന്നാൽ മേൽ പ്രവൃത്തികളിൽ ഫോം വർക്ക് കൂടി ഉൾപ്പെടുന്ന കോൺക്രീറ്റിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത് [Mord 75.8.1.1 @ 8348.76/m3 _Cost Index 136.44%]. തെറ്റായി നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. അയ്യപ്പൻ ചാലിൽ നീറ്റിക്കുഴി റോഡ് കോൺക്രീറ്റ് (167/23)**

| | | |
|---|---|---|
| അടങ്കൽ/ ചെലവ് | 300000/228603 (Development Fund) | |
| ടി എസ് | TS/42782/2022/12.09.2022 (Cost Index 36.44%) | |
| കരാർ | AE/LID&EW-SEC/PVLR/12/2022-23/02.12.2022 (Tender Variation – 24.3 % Below) | |
| പ്രൈസ് ഐ ഡി | 42782/2022 | |
| വൗച്ചർ | 1117247/22-23/31.01.2023 | |
| കരാറുകാരൻ | Saheed P | |
| അധിക ചെലവിന്റെ വിവരം | | |
| നൽകിയ തുക | നൽകാവുന്ന തുക | അധികം |
| 210552/- [(27.45 M3 *8348.76) - Tender Variation (-22.14%) + (18% GST)] | 202455/- [(27.45 M3 *8027.67) - Tender Variation (-22.14%) + (18% GST)] | 8097/- [(210552 - 202455)] |

**2. നടുക്കര കിപ്പിലാട് റോഡ് കോൺക്രീറ്റ് (95/23)**

| | |
|---|---|
| അടങ്കൽ/ ചെലവ് | 335421/299616 (MG Road) |
| ടി എസ് | TS/41126/2022/12.09.2022 (Cost Index 36.44%) |
| കരാർ | AE/LID&EW-SEC/PVLR/18/2022-23/02.12.2022 (Tender Variation – 24.3 % Below) |
| പ്രൈസ് ഐ ഡി | 41126/2022 |
| വൗച്ചർ | 1095235/22-23/27.01.2023 |
| കരാറുകാരൻ | Moosa K |

| അധിക ചെലവിന്റെ വിവരം | | |
|---|---|---|
| നൽകിയ തുക | നൽകാവുന്ന തുക | അധികം |
| 281972/- [(37.81 M3 *8348.76) - (Tender Variation -24.3%) + (18% GST)] | 271128/- [(37.81 M3 *8027.67) - (Tender Variation -24.3%) + (18% GST)] | 10844/- [(281972 - 271128)] |

**3. പുത്തുക്കാട്ടുമാട് റോഡ് നിർമ്മാണം (198/23)**

| | | |
|---|---|---|
| അടങ്കൽ/ ചെലവ് | 400000/386238 (തനത് ഫണ്ട്) | |
| ടി എസ് | TS/77746/2022/19.12.2022 (Cost Index 36.44%) | |
| കരാർ | AE/LID&EW-SEC/PVLR/48/2022-23/13.02.23 (Tender Variation - 3.1 % Below) | |
| പ്രൈസ് ഐ ഡി | 77746/2022 | |
| വൗച്ചർ | 49/22-23/04.07.2023 | |
| കരാറുകാരൻ | Berankutty | |
| അധിക ചെലവിന്റെ വിവരം | | |
| നൽകിയ തുക | നൽകാവുന്ന തുക | അധികം |
| 346334/- [(36.28 M3 *8348.76) - (Tender Variation (-3.1%) + 18% GST] | 333014/- [(36.28 M3 *8027.67) - (Tender Variation (-3.1%) + 18% GST]+18% GST] | 13320/- [(346334 - 333014)] |

അധികം നൽകിയ തുക ഉത്തരവാദിയായ വ്യക്തികളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [Enquiry Number : 20/ 29.11.2023] മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക മെഷർമെന്റ് നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർമെന്റ് നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

[ഖണ്ഡിക 3-1 കൂടി കാണുക]

## 1-36 ലൈഫ് ഭവന പദ്ധതി -ഫണ്ട് വിനിയോഗം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ലൈഫ് ഭവന പദ്ധതിയിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ച് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

| പദ്ധതി | ചെലവ് | | | | | | |
|---|---|---|---|---|---|---|---|
| | വികസന ഫണ്ട് (G) | വികസന ഫണ്ട്(SCP) | ബ്ലോക്ക് വിഹിതം | സംസ്ഥാന വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | മറ്റുള്ളവ | ആകെ |
| ലൈഫ് ഭൂരഹിത ഭവന രഹിതർ (71/23) | 2,00,000 | - | 2,00,000 | | - | - | 400000 |
| ലൈഫ് ഭൂമിയുള്ള ഭവന രഹിതർ (ജനറൽ) 73/23 | 42,28,000 | - | | 30,30,000 | | 23,90,000 | 96,48,000 |

| | | | | | | | |
|---|---|---|---|---|---|---|---|
| ലൈഫ് ഭൂമിയുള്ള ഭവന രഹിതർ (SC) 74/23 | | 1911000 | 1110000 | 500000 | 1900000 | 6,47,000 | 1,18,91,000 |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ലൈഫ് ഭവന പദ്ധതി മാർഗ്ഗരേഖ നമ്പർ DBI/752/2018/LSGD/18.2.19 ഖണ്ഡിക നമ്പർ 9 (ഫണ്ട് വിഹിതം )പ്രകാരം ഓരോ വീടിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കുറഞ്ഞത് 80,000 രൂപയെങ്കിലും വകയിരുത്തണം 2,20,000 രൂപ വായ്പയും 1 ലക്ഷം രൂപ സംസ്ഥാന സർക്കാർ വിഹിതവും ലഭിക്കും എന്ന് നിഷ്കർഷിച്ചിരുന്നു.എന്നാൽ ഗ്രാമ പഞ്ചായത്ത് ലോൺ തുക വിനിയോഗിക്കാതെ സംസ്ഥാന സർക്കാർ വിഹിതം യഥേഷ്ടം ചെലവഴിക്കുകയാണ് ചെയ്യുന്നത്. ഫണ്ട് വിനിയോഗത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-37 ഭിന്നശേഷിക്കാർക്ക് കോഫി വെന്റിംഗ് യൂണിറ്റ്- പദ്ധതി നടത്തിപ്പിലെ അപാകതകൾ

ICDS സൂപ്പർവൈസർ നിർവഹണം നടത്തിയ ഭിന്നശേഷിക്കാർക്ക് കോഫി വെന്റിംഗ് യൂണിറ്റ് എന്ന പദ്ധതി പ്രകാരം 123000 രൂപ ചെലവഴിച്ച് ഓട്ടം ഏജൻസീസ് കാലിക്കറ്റ് എന്ന സ്ഥാപനത്തിൽ നിന്നും ഒരു കോഫി വെന്റിംഗ് മെഷിന് 41000 രൂപ നിരക്കിൽ 3 കോഫി വെന്റിംഗ് മെഷിന് വാങ്ങി താഴെ പറയും പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

| പ്രോജക്ട് | ചെലവഴിച്ച തുക | ബിൽ നമ്പർ | ഇൻവോയ്സ് നമ്പർ |
|---|---|---|---|
| **ഭിന്നശേഷിക്കാർക്ക് കോഫി വെന്റിംഗ് യൂണിറ്റ് (63/23)** | **123000** (വികസന ഫണ്ട് ജനറൽ) | 221506520351013894 97/ 17.3.23 | 786/9.3.23 (3എണ്ണം) |
| ആകെ | **123000** | | |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിന്റെയും സ്ഥല പരിശോധന നടത്തിയതിന്റെയും അടിസ്ഥാനത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1.) 14 ാം പദ്ധതി മാർഗ്ഗരേഖ സ.ഉ. നമ്പർ 84/2022/LSGD/19.4.22 ഖണ്ഡിക നമ്പര് 3-8പ്രകാരം നൂതന പദ്ധതികൾക്ക് ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള വിദഗ്ധ സമിതിയുടെ അംഗീകാരം ലഭിച്ചിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.എന്നാൽ ഈ നിബന്ധന പാലിക്കാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

2.) മൂന്ന് ഭിന്ന ശേഷി ഗുണഭോക്താക്കൾക്ക് കോഫി വെന്റിംഗ് മെഷിനുകൾ നൽകിയിട്ടുണ്ട്. സ്ഥല പരിശോധന നടത്തിയതിൽ 2 ഗുണഭോക്താക്കൾക്ക് അനുവദിച്ച മെഷിനുകൾ തൃപ്തികരമായി പ്രവൃത്തിച്ച് വരുന്നുണ്ടെങ്കിലും ശ്രീ .മുഹമ്മദ് നവാഫ്.പി.ടി എന്ന ഗുണഭോക്താവിന് അനുവദിച്ച കോഫി വെന്റിംഗ് മെഷിൻ അദ്ദേഹത്തിന്റെ അടുക്കളയിൽ സൂക്ഷിച്ചതായി കണ്ടു.41,000 രൂപ വിലയുള്ള കോഫി വെന്റിംഗ് മെഷിൻ പ്രവർത്തിപ്പിച്ച് ഗുണഭോക്താവ് വരുമാനം ഉണ്ടാക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം.ഇത് പൂർണ്ണമായും പാലിക്കപ്പെട്ടിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-38 കുറ്റിക്കുരുമുളക് തൈ വിതരണം വാങ്ങൽ നടപടി ക്രമങ്ങൾ പാലിച്ചില്ല

കൃഷി ഓഫീസർ നിർവഹണം നടത്തിയ കുറ്റിക്കുരുമുളക് തൈ വിതരണം എന്ന പദ്ധതി പ്രകാരം 2,28,000 രൂപ ചെലവഴിച്ച് അഗ്രോ സർവ്വീസ് സെന്റർ പള്ളിക്കൽ എന്ന സ്ഥാപനത്തിൽ നിന്നും ഒരു കുറ്റിക്കുരുമുളക് തൈക്ക് 100 രൂപ നിരക്കിൽ 2280 കുറ്റിക്കുരുമുളക് തൈകൾ വാങ്ങി താഴെ പറയും പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

| പ്രോജക്ട് | ചെലവഴിച്ച തുക | ബിൽ നമ്പർ | ഇൻവോയ്സ് നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| കുറ്റിക്കുരുമുളക് തൈ വിതരണം (215/23) | 1,50,000(വികസന ഫണ്ട് ജനറൽ) | 221/ 24.2.23 | 323/18.1.23 (2000എണ്ണം) |
| | 21,000 (വികസന ഫണ്ട് ജനറൽ) | 237/ 7.3.23 | 330/27.2.23 (280എണ്ണം) |
| | 57000 | 2901550/ 28.3.23 | |
| ആകെ | 2,28,000 | | 200000 |

ഈ പദ്ധതിക്കായി **അഗ്രോ സർവ്വീസ് സെന്റർ പള്ളിക്കൽ** എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടപടി ക്രമങ്ങൾ പാലിക്കാതെ നേരിട്ട് സാധനങ്ങൾ വാങ്ങിയിരിക്കുകയാണ്. ഈ സ്ഥാപനം സ.ഉ.(കൈ) നം. 115/2022/തസ്വഭവ /28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.1 ലെ ക്രമ നം. 5 ലെ 2-ാമത്തെ നിബന്ധനകളിൽ അംഗീകരിച്ച നേരിട്ട് കുറ്റിക്കുരുമുളക് വാങ്ങാൻ അനുവാദമുള്ള സ്ഥാപനമല്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/28.11.23 ന് മറുപടി നൽകിയിട്ടില്ല. ഭാവിയിൽ സാധനങ്ങൾ വാങ്ങുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-39 രസീത് ബുക്കുകൾ പൂർണ്ണമായും ഉപയോഗിക്കാതെ പുതിയവ കൈപ്പറ്റിയത് സംബന്ധിച്ച്

വെറ്റിനറി സർജൻ 25.11.2022ന് കൈപ്പറ്റിയ 17243, 17244, 17245 എന്നീ രസീത് ബുക്കുകൾ നാളിതുവരെ ഉപയോഗിച്ചിട്ടില്ല. എന്നാൽ ഈ രസീത് ബുക്കുകൾ ഉപയോഗിക്കാത്തവയായി അവശേഷിക്കെ തന്നെ 07.09.2023ന് 24741, 24742, 24743, 24744 വരെയുള്ള നാല് രസീത് ബുക്കുകൾ വെറ്റിനറി സർജൻ കൈപ്പറ്റുകയും ഇതിൽ 24741, 24742 എന്നിവ ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഉപയോഗിക്കാത്ത രസീത് ബുക്കുകൾ സാമ്പത്തിക വർഷാവസാനം ഗ്രാമപഞ്ചായത്ത് സ്റ്റോക്കിലേക്ക് തിരികെ നൽകി ആവശ്യമുള്ളപ്പോൾ പുതിയത് കൈപ്പറ്റാതെ, ആയവ കൈവശം വെച്ച് പുതിയ രസീത് ബുക്കുകൾ വാങ്ങി ഉപയോഗിക്കുന്നത് രസീത് ബുക്കുകൾ ദുരുപയോഗം ചെയ്യാനിടവരുന്നതാണ്. അപാകതക്ക് കാരണം വ്യക്തമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 27/2022-23/30.11.23ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി.

2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി, അസി.എൻജിനിയർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെ സൈറ്റുകൾ പരിശോധിച്ച്, പ്രസ്തുത കോൺക്രീറ്റ് പ്രവൃത്തികളിൽ ഫോം വർക്ക് ചെയ്തിട്ടുണ്ടോ എന്ന് റിപ്പോർട്ട് ചെയ്യുന്നതിന് ഓഡിറ്റ് ആവശ്യപ്പെട്ടിരുന്നു.

| ക്ര.ന | പ്രൊജക്ടുകൾ |
|---|---|
| 1 | അയ്യപ്പൻ ചാലിൽ നീറ്റിക്കുഴി റോഡ് കോൺക്രീറ്റ് (167/23) |
| 2 | നടുക്കര കീപ്പിലാട് റോഡ് കോൺക്രീറ്റ് (95/23) |
| 3 | പുത്തുക്കാട്ട്മാട് റോഡ് നിർമ്മാണം (198/23) |
| 4 | പറമ്പിൽപീടിക കൊളപ്പുരക്കൽ റോഡ് പുനരുദ്ധാരണം (91/23) |
| 5 | പൊരിക്കാങ്ങൽ കണ്ട്യാട്ട് റോഡ് കോൺക്രീറ്റ് (200/23) |
| 6 | മൈത്രീ റോഡ് കോൺക്രീറ്റ് (201/23) |

മേൽ പ്രവൃത്തികളുടെ സൈറ്റുകൾ പരിശോധിച്ച് 29.11.2023-ന് അസി. എൻജിനീയർ ലഭ്യമാക്കിയ റിപ്പോർട്ടിൽ ക്രമ നമ്പർ 1,2,3 പ്രവൃത്തികളിൽ റോഡിന് ഇരുവശത്തും സ്വകാര്യ വ്യക്തികളുടെ മതിലുകൾ ആയതിനാൽ ഫോം വർക്ക് നൽകേണ്ട ആവശ്യകത ഉണ്ടായിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ക്രമ നമ്പർ 1,2,3 പ്രവൃത്തികളിൽ കോൺക്രീറ്റ് ചെയ്യുന്നതിന് ഫോം വർക്ക് ഒഴിവാക്കിയിട്ടുള്ള നിരക്കാണ് അനുവദനീയമായത് [@ 8027.67/m3 _Cost Index 136.44%]. എന്നാൽ മേൽ പ്രവൃത്തികളിൽ ഫോം വർക്ക് കൂടി ഉൾപ്പെടുന്ന കോൺക്രീറ്റിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത് [Mord 75.8.1.1 @ 8348.76/m3 _Cost Index 136.44%]. തെറ്റായ നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. അയ്യപ്പൻ ചാലിൽ നീറ്റിക്കുഴി റോഡ് കോൺക്രീറ്റ് (167/23)**

| | | |
|---|---|---|
| അടങ്കൽ/ ചെലവ് | 300000/228603 (Development Fund) | |
| ടി എസ് | TS/42782/2022/12.09.2022 (Cost Index 36.44%) | |
| കരാർ | AE/LID&EW-SEC/PVLR/12/2022-23/02.12.2022 (Tender Variation – 24.3 % Below) | |
| പ്രൈസ് ഐ ഡി | 42782/2022 | |
| വൗച്ചർ | 1117247/22-23/31.01.2023 | |
| കരാറുകാരൻ | Saheed P | |
| അധിക ചെലവിന്റെ വിവരം | | |
| നൽകിയ തുക | നൽകാവുന്ന തുക | അധികം |
| 210552/-<br>[(27.45 M3 *8348.76) - Tender Variation (-22.14%) + (18% GST)] | 202455/-<br>[(27.45 M3 *8027.67) - Tender Variation (-22.14%) + (18% GST)] | 8097/-<br>[(210552 - 202455)] |

**2. നടുക്കര കിഷിലാട് റോഡ് കോൺക്രീറ്റ് (95/23)**

| | | |
|---|---|---|
| അടങ്കൽ/ ചെലവ് | 335421/299616 (MG Road) | |
| ടി എസ് | TS/41126/2022/12.09.2022 (Cost Index 36.44%) | |
| കരാർ | AE/LID&EW-SEC/PVLR/18/2022-23/02.12.2022 (Tender Variation – 24.3 % Below) | |
| പ്രൈസ് ഐ ഡി | 41126/2022 | |
| വൗച്ചർ | 1095235/22-23/27.01.2023 | |
| കരാറുകാരൻ | Moosa K | |
| അധിക ചെലവിന്റെ വിവരം | | |
| നൽകിയ തുക | നൽകാവുന്ന തുക | അധികം |
| 281972/-<br>[(37.81 M3 *8348.76) - (Tender Variation -24.3%) + (18% GST)] | 271128/-<br>[(37.81 M3 *8027.67) - (Tender Variation -24.3%) + (18% GST)] | 10844/-<br>[(281972 - 271128)] |

**3. പുത്തുക്കാട്ടുമാട് റോഡ് നിർമ്മാണം (198/23)**

| | |
|---|---|
| അടങ്കൽ/ ചെലവ് | 400000/386238 (തനത് ഫണ്ട്) |
| ടി എസ് | TS/77746/2022/19.12.2022 (Cost Index 36.44%) |
| കരാർ | AE/LID&EW-SEC/PVLR/48/2022-23/13.02.23 (Tender Variation - 3.1 % Below) |
| പ്രൈസ് ഐ ഡി | 77746/2022 |
| വൗച്ചർ | 49/22-23/04.07.2023 |

| കരാറുകാരൻ | Berankutty | |
|---|---|---|
| അധിക ചെലവിന്റെ വിവരം | | |
| നൽകിയ തുക | നൽകാവുന്ന തുക | അധികം |
| 346334/-<br>[(36.28 M3 *8348.76) - (Tender Variation (-3.1%) + 18% GST] | 333014/-<br>[(36.28 M3 *8027.67) - (Tender Variation (-3.1%) + 18% GST]+18% GST] | 13320/-<br>[(346334 - 333014)] |

അധികം നൽകിയ തുക (Rs.32261/-) ഉത്തരവാദിയായ വ്യക്തികളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [Enquiry Number : 20/ 29.11.2023] മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക മെഷർമെന്റ് നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർമെന്റ് നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക കണക്ക് ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 200000 | 71/23- ലൈഫ് ഭൂരഹിത ഭവന രഹിതർ | 200000 | 0 |
| | 3030000 | 73/23 -ലൈഫ് ഭൂമിയുള്ള ഭവന രഹിതർ | 3030000 | 0 |
| | 425000 | 134/23- സമഗ്ര നെൽ കൃഷി വികസനം | 425000 | 0 |
| | 300000 | 10/23- പാലിയേറ്റീവ് പരിചരണം | 300000 | 0 |
| | 1110000 | 74/23 -ലൈഫ് ഭൂമിയുള്ള ഭവന രഹിതർ-പട്ടിക ജാതി | 1110000 | 0 |
| | 525000 | 103/23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 525000 | 0 |
| | 245957 | 193/23 ക്ഷീര കർഷകർക്ക് പാലിന് സബസിഡി | 245957 | 0 |
| ജില്ലാ പഞ്ചായത്ത് | 210000 | 103/23-മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 210000 | 0 |
| | 570000 | 217/23- പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 570000 | 0 |
| | 1900000 | 74/23 -ലൈഫ് ഭൂമിയുള്ള ഭവന രഹിതർ-പട്ടിക ജാതി | 1900000 | 0 |
| | 123000 | 134/23- സമഗ്ര നെൽ കൃഷി വികസനം | 123000 | 0 |
| | 94327 | 193/23 -ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 94327 | 0 |
| | 1000000 | 40/23ബഡ്സ് സ്കൂൾ നിർമ്മാണം ഒന്നാം ഘട്ടം | 1000000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ **ബിൽ**/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| K.S.E.B | 203/23 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 138/ 23.12.22 | 1306687 | 0 | പൂർത്തീകരിച്ചിട്ടില്ല- UC ലഭ്യമായിട്ടില്ല. | 1306687 |
| GWD | 27/23 അംഗനവാടികളിൽ കുടിവെള്ള പദ്ധതി | 1) 223/ 01.03.23 Rs. 339049 2) 316/25.03.23 Rs. 12845 | 351894 | 0 | പൂർത്തീകരിച്ചിട്ടില്ല- UC ലഭ്യമായിട്ടില്ല. | 351894 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവനപദ്ധതി (KURDFC) | 68/2018 Dt 18.05.18 | 9020000 | 331516 | 2090759 | 0 | 7260757 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 30862/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2021-22 | 1-19, 3-1 | 20000 | സുഗതൻ, വി.ഇ.ഒ | 1220104882/24.01.23 |
| 2021-22 | 1-25/3(2) | 10862 | സുരേഷ് ബാബു, എ.ഇ. | 1220105019/25.01.23 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സാമഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2015-16 | 2(1),2(3),2(4) | 2016-17 | 2(1),2(3),2(4) | തൊഴിൽ നികുതി | നിലനിൽക്കുന്നു. |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 156075210 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 145330100 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 32261 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3478581 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം | നഷ്ടതുക | | ഉത്തരവാദിയായ ആളുടെ പേരും മേൽവിലാസവും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്ന | സർചാർജ് ചെയ്യാവുന്നവ | |
| 3.1 | | 32261 | 1. ശ്രീ. സുരേഷ് ബാബു, അസിസ്റ്റന്റ് എഞ്ചിനീയർ (6660/-)<br>2. ശ്രീ.നന്ദകുമാർ പി, അസി. എഞ്ചിനിയർ(9470.50/-)<br>3. ശ്രീ. കൃഷ്ണൻകുട്ടി.പി., അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ (16130/-) |
| ആകെ | | 32261 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 1400000 | ശ്രീമതി ശൈലജ . എം. |
| 1-22 | 3,51,894 | ശ്രീമതി ശൈലജ , സെക്രട്ടറി |
| 1-23 | 13,06,687 | ശ്രീമതി ശൈലജ , സെക്രട്ടറി |
| 1-27 | 4,20,000 | ശ്രീമതി ശൈലജ , സെക്രട്ടറി |
| ആകെ | 3478581 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖണ്ഡിക നമ്പർ 1-17, 1-20

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1. | ശ്രീ . നന്ദകുമാർപി, അസിസ്റ്റന്റ്എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് | പൈക്കാട്ട്, അരിയല്ലൂർ പി.ഒ-676312 |
| 2. | ശ്രീ .സുരേഷ്ബാബു, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, താനാളൂർ ഗ്രാമപഞ്ചായത്ത് | തുമ്പയിൽ, കായക്കാട്, പുല്ലിപ്പറമ്പ് പി.ഒ. പിൻ- 673634 |

| | | | |
|---|---|---|---|
| 3. | ശ്രീ . കൃഷ്ണൻകുട്ടി പി.<br>അസിസ്റ്റന്റ്എക്സി.എഞ്ചിനീയർ | സേവനത്തിൽ നിന്നും<br>വിരമിച്ചു | പുത്തൻപറമ്പിൽ വീട്<br>വള്ളുവമ്പ്രം, മലപ്പുറം<br>പിൻ-673462 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 02-03-ചെലവ് | കെ.എസ്.എ.എം.പി.എം.15/2146/2022(1)/30-9-2022 | 1 |
| 04-05 | കെ.എസ്.എ.എം.പി.എം.15/2146/2022(3)/30-9-2022 | 1 |
| 05-06 | കെ.എസ്.എ.എം.പി.എം.15/2146/2022(4)/30-9-2022 | 4 |
| 06-07 | കെ.എസ്.എ.എം.പി.എം.15/2146/2022(5)30-9-2022 | 1 |
| 07-08 | കെ.എസ്.എ.എം.പി.എം.15/2146/2022(6)തീയതി,30-9-2022 | 6 |
| 09-10 | എൽ.എഫ്.എം 15/2146/2022(8)തീയതി, 30-9-12 | 1 |
| 13-14,14-15 | കെ.എസ്.എ.എം.പി.എം 15/2146/22(10) തീയതി, 30-9-22 | 2 |
| 2015-16 | കെ എസ് എ.എം.പി.എം.15/3004/2016 തീയതി,06-12-2022 | 2 |
| 2016-17 | കെ എസ് എ.എം.പി.എം.15/1286/2017 തീയതി, 06-12-2022 | 4 |
| 2017-18 | കെ എസ് എ.എം.പി.എം.15/259/2019 തീയതി, 11.10.2019 | 13 |
| 2018-19 | കെ.എസ്.എ എം.പി.എം15/204/2020 തീയതി, 03.08.22 | 7 |
| 2019-20 | കെ.എസ്.എ എം.പി.എം15/1453/2021 തീയതി, 09.05.22 | 6 |
| 2020-21 | കെ.എസ്.എ എം.പി.എം15/1454/2021 തീയതി, 05.09.23 | 6 |
| 2021-22 | കെ.എസ്.എ എം.പി.എം15/2395/2022 തീയതി, 25.04.23 | 11 |

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം.

എംഎ12/2023

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 5(1) dated 05-07-2023 and submitted on 19-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Peruvallur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Peruvallur Grama Panchayat for the year 2022-2023

**Date: 19/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Peruvallur Grama Panchayat for the Year 2022-2023 .

**1.Major Observations**

**2.Other Observations**

1)The following mandatory financial statements prescribed in accounting rules are not submitted for audit

i. Ratios

ii. Notes on accounts

iii. Comparative amounts)

2)Asset Register is not upto date and hence not reliable for audit

3)Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balanceof cash and cash equivalents.

4) In AFS RP 40(b) shedule, there are two entries State Bank of India Epay and Epay 2 in same code/account number under title 450210101. Epay has shown a balance of Rs.6323. Records are not produced for verification of the balance.

5) There is a mismatch between the amount of income as per ACR and AFS I6+B3 amount in the following funds.
(a) Development fund General (b) Development fund SCP ,

(Details, if any, of GO project expenditure on the above funds have not been made available)

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്